2023
MARCH
18
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

GODUGO

## ചരക്ക് കപ്പൽ പുനരാരംഭിക്കാൻ താൽപര്യപത്രം ക്ഷണിച്ചു



**കണ്ണൂർ:** കേരള തീരത്ത് ഒരു വർഷം മുൻപ് നിലച്ച ചരക്കു കപ്പൽ സർവീസ് പുനരാരംഭിക്കുന്നത് ഉൾപ്പെടെ 5 പദ്ധതികൾക്ക് താൽപര്യപത്രം ക്ഷണിച്ച് മാരിടൈം ബോർഡ്. കൊല്ലം, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ച് സർവീസ് ആരംഭിക്കാനാണു ലക്ഷ്യമിടുന്നത്.

കേരളത്തിലോ ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്തോ ഓഫിസുള്ളതും ചുരുങ്ങിയത് 3 വർഷമായി ഷിപ്പിങ് രംഗത്തു പ്രവർത്തിക്കുന്നതും 50 കോടി രൂപയെങ്കിലും പ്രതിവർഷ വിറ്റുവരവുമുള്ള കമ്പനികളെയാണു പരിഗണിക്കുക. കൊല്ലം തുറമുഖത്ത് കപ്പൽ അറ്റകുറ്റപ്പണിക്കുള്ള കേന്ദ്രവും ഫ്ലോട്ടിങ് ഡ്രൈഡോക്കും സ്ഥാപിക്കുന്നതിനും, കൊല്ലം ആശ്രാമം വാർഫിലുള്ള ഗ്രാബ് ഡ്രജർ അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കുന്നതിനും, കണ്ണൂർ അഴീക്കൽ തുറമുഖത്ത് മണൽ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനും, അഴീക്കൽ തുറമുഖത്തെ കട്ടർ സക്ഷൻ ഡ്രജർ (സിഎസ്ഡി) ചന്ദ്രഗിരി വാടകയ്ക്ക് കൊടുക്കുന്നതിനും താൽപര്യപത്രം ക്ഷണിച്ചിട്ടുണ്ട്. 28 വരെ താൽപര്യപത്രം സമർപ്പിക്കാം.

# കേരളത്തിൽ 3058 കോടിയുടെ ജിഎസ്ടി നികുതി വെട്ടിപ്പ്

**കണ്ണൂർ:** കേരളത്തിൽ ചരക്കുസേവന നികുതിയുടെ പേരിൽ നടന്നത് 3058 കോടി രൂപയുടെ വെട്ടിപ്പ്. 2017ൽ ജിഎസ്ടി സമ്പ്രദായം ആരംഭിച്ചതു മുതൽ കഴിഞ്ഞ ഫെബ്രുവരി വരെയുള്ള വെട്ടിപ്പുകളുടെ കണക്കാണിത്. ഇതിൽ 1206 കോടി രൂപ മാത്രമാണ് തിരിച്ചുപിടിച്ചത്. കേരളത്തിൽ നിന്ന് തട്ടിപ്പിന്റെ പേരിൽ അറസ്റ്റിലായത് 10 പേർ മാത്രമെന്നും ധനമന്ത്രാലയം പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു.

രാജ്യത്താകെ നടന്ന ജിഎസ്ടി വെട്ടിപ്പ് 3,07,991 കോടി രൂപയുടേതാണ്. ഇതിൽ 1,03,801 കോടി രൂപയാണു തിരിച്ചുപിടിച്ചത്. മഹാരാഷ്ട്രയിലാണ് ഏറ്റവും കൂടുതൽ വെട്ടിപ്പു നടന്നത് 60,000 കോടി രൂപ. കേരളത്തിൽ നികുതിവെട്ടിപ്പ് കൂടുതലായും നടക്കുന്നത് വ്യാജ പ്ലൈവുഡ് കമ്പനികളുടെയും അടയ്ക്ക കയറ്റുമതി കമ്പനികളുടെയും പേരിലാണെന്ന് ജിഎസ്ടി അധികൃതർ വ്യക്തമാക്കുന്നു.

ഇതര സംസ്ഥാനത്തൊഴിലാളികളുടെ പേരിൽവരെ എടുക്കുന്ന വ്യാജ ജിഎസ്ടി റജിസ്ട്രേഷൻ ഉപയോഗിച്ചാണ് തട്ടിപ്പു കൂടുതലും. കടലാസുകമ്പനികളിലൂടെ ബില്ലിൽ കൃത്രിമം കാട്ടി ഇൻപുട് ടാക്സ് ക്രെഡിറ്റ് എടുത്താണ് (സർക്കുലർ ബില്ലിങ്) നികുതി ത്തട്ടിപ്പ്. നികുതിപ്പണം തിരിച്ചെടുക്കാനാവാത്ത തരത്തിലുള്ള ബെനാമി റജിസ്ട്രേഷൻ തട്ടിപ്പുകൾ കേരളത്തിൽ വലിയ തോതിൽ വർധിക്കുന്നുണ്ടെന്നും അധികൃതർ പറയുന്നു.

സ്വർണവ്യാപാരമേഖലയിൽ കാര്യമായ നികുതിശോഷണമില്ല. സ്വർണ വ്യാപാരമേഖലയിൽനിന്നുള്ള വെട്ടിപ്പ് കണ്ടെത്തുന്നതും തിരിച്ചെടുക്കുന്നതും താരതമ്യേന എളുപ്പമാണെന്നും അധികൃതർ പറയുന്നു.

## യുഎഇയും ഇന്ത്യയും ഡിജിറ്റൽ കറൻസി സഹകരണത്തിന്



**ന്യൂഡൽഹി:** യുഎഇയും ഇന്ത്യയും തമ്മിൽ ഡിജിറ്റൽ കറൻസി ഇടപാട് സാധ്യമായേക്കും. ഇതടക്കമുള്ള വിഷയങ്ങളിൽ സഹകരണത്തിനായി റിസർവ് ബാങ്കും യുഎഇ സെൻട്രൽ ബാങ്കും (സിബിയുഎഐ) തമ്മിൽ ധാരണാപത്രം കൈമാറി. ഇന്ത്യയുടെ ഡിജിറ്റൽ കറൻസിയായ ഇ റുപ്പിയും യുഎഇയുടെ ഡിജിറ്റൽ കറൻസിയും തമ്മിൽ പരസ്പരം ഇടപാട് നടത്തുകയാണ് ലക്ഷ്യം. ആദ്യമായാണ് ഡിജിറ്റൽ കറൻസി രംഗത്ത് മറ്റൊരു രാജ്യവുമായി റിസർവ് ബാങ്ക് സഹകരണത്തിന് ഒരുങ്ങുന്നത്.

രാജ്യാന്തര പണമിടപാട് സംബന്ധിച്ച പൈലറ്റ് പദ്ധതി ആരംഭിക്കാൻ ഇരു ബാങ്കുകളും തമ്മിൽ ധാരണയായി. ഇത് പൂർണതോതിൽ നടപ്പായാൽ ഇടപാട് ചെലവ് കുറയുകയും വേഗം കൂടുകയും ചെയ്യും. അച്ചടിച്ച നോട്ടിനു പകരം മൊബൈൽ ഫോണിലെ ആപ്പിൽ കൊണ്ടു നടക്കാവുന്ന കറൻസിയാണ് ഇ റുപ്പി. പരീക്ഷണാടിസ്ഥാനത്തിൽ ഏകദേശം 4.1 കോടി രൂപയുടെ ഇ റുപ്പി വിനിമയം നിലവിൽ നടക്കുന്നുണ്ട്.

## സ്വിറ്റ്സർലൻഡിലും ബാങ്ക് തകർച്ചാ ഭീഷണി

# ക്രെഡിറ്റ് സ്വീസിനെ രക്ഷിക്കാൻ സ്വിസ് നാഷനൽ ബാങ്ക്

**സൂറിക്:** സാമ്പത്തിക പ്രതിസന്ധിയിൽ ഉലയുന്ന ക്രെഡിറ്റ് സ്യൂയിസി ബാങ്കിനെ കരകയറ്റാൻ സ്വിസ് നാഷനൽ ബാങ്ക്(എസ്എൻബി) 5000 കോടി സ്വിസ് ഫ്രാങ്കിന്റെ(5400 കോടി ഡോളർ) അടിയന്തര പണലഭ്യത പ്രഖ്യാപിച്ചു. സ്വിറ്റ്സർലൻഡിലെ രണ്ടാമത്തെ വലിയ ബാങ്കിന്റെ ഓഹരികൾ കുത്തനെ ഇടിഞ്ഞതിനെത്തുടർന്ന്, പണലഭ്യത വർധിപ്പിക്കാനും നിക്ഷേപകരുടെ ആത്മവിശ്വാസം വർധിപ്പിക്കാനുമാണ് സ്വിസ് സെൻട്രൽ ബാങ്കിന്റെ വായ്പാ പ്രഖ്യാപനം.

കഴിഞ്ഞ ആഴ്ചകളിൽ യുഎസിൽ ബാങ്കുകൾ തുടർച്ചയായി തകർന്നതോടെ ക്രെഡിറ്റ് സ്യൂയിസിയുടെ ഭാവിയും ആശങ്കയിലായിരുന്നു. ബാങ്കിന്റെ ഓഹരിയുടെ ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിരക്കായ 1.69 സ്വിസ് ഫ്രാങ്ക് എന്ന നിരക്കിലാണ് ബുധനാഴ്ച വ്യാപാരം അവസാനിച്ചത്. 25 ശതമാനത്തോളമായിരുന്നു ഇടിവ്. ബാങ്കിന്റെ നിക്ഷേപകർ വൻതോതിൽ പണം പിൻവലിക്കാൻ തുടങ്ങിയതും ആശങ്കയേറ്റി.

സ്വിസ് നാഷനൽ ബാങ്കിന്റെ തീരുമാനം വന്നതോടെ വ്യാഴം രാവിലെ ക്രെഡിറ്റ് സ്യൂയിസി ഓഹരികൾ 24.1% ഉയർന്നു. ക്രെഡിറ്റ് സ്യൂയിസിയിലെ ഏറ്റവും വലിയ ഓഹരി ഉടമയായ സൗദി നാഷനൽ ബാങ്ക് കൂടുതലായി പണം മുടക്കില്ലെന്ന് പറഞ്ഞതിന് പിന്നാലെയാണ് അടിയന്തര പണലഭ്യത സംബന്ധിച്ച എസ്എൻബിയുടെ വാഗ്ദാനം. മറ്റൊരു പ്രധാന ഓഹരി ഉടമയായ ഹാരിസ് അസോഷ്യേറ്റ്സ് ക്രെഡിറ്റ് സ്യൂയിസി ഓഹരികൾ കൈയ്യൊഴിയുകയാണെന്ന് വ്യക്തമാക്കിയിരുന്നു.




വിപണിയിലെ ചാഞ്ചാട്ടം തരണം ചെയ്യാൻ ക്രെഡിറ്റ് സ്യൂയിസിക്ക് മതിയായ മൂലധനമുണ്ടെന്നാണ് സ്വിസ് റെഗുലേറ്റർ അതോറിറ്റി വ്യക്തമാക്കുന്നത്. ഏതാനും വർഷമായി നഷ്ടത്തിലാണ് ക്രെഡിറ്റ് സ്യൂയിസിയുടെ പ്രവർത്തനം. പോയ വർഷം മാത്രം 730 കോടി സ്വിസ് ഫ്രാങ്കിന്റെ നഷ്ടം രേഖപ്പെടുത്തി. 9,000 ജീവനക്കാർ പിരിച്ചുവിടൽ ഭീഷണിയിലാണ്. മനുഷ്യക്കടത്ത്, അഴിമതി ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി സംശയാസ്പദ പണമിടപാടുകൾക്ക് ബാങ്ക് കൂട്ടുനിൽക്കുന്നുവെന്ന ആരോപണം കുറച്ചുനാൾ മുൻപ് ഉയർന്നതും ബാങ്കിന്റെ പ്രതിച്ഛായയെ സാരമായി ബാധിച്ചിട്ടുണ്ട്.

യുഎസിലെ ചില ബാങ്കുകളുടെ പ്രശ്നങ്ങൾ സ്വിസ് ഫിനാൻഷ്യൽ മാർക്കറ്റിൽ നേരിട്ടുള്ള അപകടസാധ്യത സൃഷ്ടിക്കുന്നില്ലെന്ന് എസ്എൻബി/ സ്വിസ് ഫിനാൻഷ്യൽ മാർക്കറ്റ് സൂപ്പർവൈസറി അതോറിറ്റികൾ(ഫിൻമ) സംയുക്ത പ്രസ്താവനയിൽ അറിയിച്ചു. ക്രെഡിറ്റ് സ്യൂയിസിക്ക് മതിയായ മൂലധനമുണ്ടെന്നാണ് സ്വിസ് റെഗുലേറ്റർ അതോറിറ്റി വ്യക്തമാക്കുന്നത്.

2008ലെ സാമ്പത്തിക പ്രതിസന്ധിയുടെ സമയത്ത് സ്വിസിലെ ഏറ്റവും വലിയ ബാങ്കായ യുബിഎസിനും കേന്ദ്ര ബാങ്കിന്റെ സഹായം ലഭിച്ചിരുന്നു. ഇന്ത്യയിൽ ക്രെഡിറ്റ് സ്യൂയിസിക്ക് മുംബൈയിൽ ഓഫിസുണ്ട്. രാജ്യത്തെ ബാങ്കിങ് മേഖലയിൽ 1 ശതമാനത്തോളം മാത്രമാണ് ബാങ്കിന്റെ സാന്നിധ്യം. ബാങ്കിന്റെ ഇന്ത്യയിലെ നിക്ഷേപങ്ങളിൽ 60 ശതമാനവും അവധിവ്യാപാരത്തിലാണ്.





## ചെന്നൈയിലേക്കു വേനൽ അവധിക്കാല സ്പെഷ്യൽ ട്രെയിൻ വേണമെന്ന് ആവശ്യം

**പുനലൂർ:** വേനലവധി വേളയിൽ കൊല്ലം ചെങ്കോട്ട പാത വഴി ചെന്നൈയിലേക്കു വേനൽ അവധിക്കാല സ്പെഷൽ ട്രെയിൻ സർവീസുകൾ ആരംഭിക്കണമെന്ന യാത്രക്കാരുടെ ആവശ്യം ശക്തമായി. ഇക്കഴിഞ്ഞ ശബരിമല സീസൺ സീസണിൽ എറണാകുളത്തു നിന്നു കോട്ടയം, കൊല്ലം, പുനലൂർ, ചെങ്കോട്ട വഴി താംബരത്തേക്കു ദക്ഷിണ റെയിൽവേ ട്രെയിൻ സർവീസ് നടത്തിയിരുന്നു, ഈ സർവീസ് വൻ വിജയമായിരുന്നു. ഇതേ സർവീസ് ഏപ്രിൽ മുതൽ അവധിക്കാല സർവീസ് ആയി ആരംഭിക്കണം എന്ന ആവശ്യമാണ് ഉയരുന്നത്.ഏപ്രിൽ മുതൽ വേനൽ അവധിക്കാലം ആരംഭിക്കുകയാണ്. ചെന്നൈയിലേക്കും തമിഴ്നാട്ടിലെ മറ്റു നഗരങ്ങളിലേക്കും തിരികെയും ഉള്ള യാത്രക്കാരുടെ എണ്ണം വർധിക്കും.

ആ സമയത്ത് ഇപ്പോൾ നിലവിലുള്ള ട്രെയിൻ സർവീസുകൾ മതിയാവില്ല. ഇത്തരം ഘട്ടങ്ങളിൽ സാധാരണ ദക്ഷിണ റെയിൽവേ വേനൽ അവധിക്കാല സ്പെഷൽ ട്രെയിൻ സർവീസുകൾ പ്രഖ്യാപിക്കാറുണ്ട്. കോട്ടയം, കൊല്ലം, പുനലൂർ, ചെങ്കോട്ട, രാജപാളയം, വിരുദ്നഗർ, മധുര, തിരുച്ചിറപ്പള്ളി, തഞ്ചാവൂർ, കുംഭകോണം, മയിലാട്തുറൈ, ചിദംബരം, കടലൂർ, വില്ലുപുരം വഴി താംബരത്തേക്ക് (ചെന്നൈ) ഈ സർവീസ് എറണാകുളത്ത് നിന്ന് ആരംഭിച്ചാൽ എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം ജില്ലകളിൽ ഉള്ള യാത്രക്കാർക്കു വലിയ രീതിയിൽ പ്രയോജനപ്രദമാകും.

മാത്രമല്ല തഞ്ചാവൂർ, കുംഭകോണം, മയിലാട്തുറൈ, ചിദംബരം, കടലൂർ തുടങ്ങിയ ക്ഷേത്ര നഗരങ്ങളിലേക്കു കേരളത്തിൽ നിന്നു നേരിട്ടു സർവീസ് നടത്തുന്ന ആദ്യത്തെ ട്രെയിനാകും ഇത്. എറണാകുളം വേളാങ്കണ്ണി സർവീസിന്റെ കോച്ചുകൾ ഉപയോഗിച്ച് തന്നെ ഈ സർവീസും നടത്താം എന്നതിനാൽ ഈ വിഷയത്തിൽ റെയിൽവേക്കു മറ്റു സാങ്കേതിക തടസ്സങ്ങളും ഉണ്ടാകില്ലെന്നും റെയിൽവേയുമായി ബന്ധപ്പെട്ട വൃത്തങ്ങൾ സൂചിപ്പിച്ചു.

ജനപ്രതിനിധികളുടെ ശക്തമായി ഇടപെടൽ ഉണ്ടെങ്കിൽ ഈ ട്രെയിൻ സർവീസ് സുഗമമായി ആരംഭിക്കാൻ സാധിക്കും.

## ജലസ്രോതസ്സുകൾ വരളുന്നു; രൂക്ഷമായി ജലക്ഷാമം

**ഏനാത്ത് :** ജലസ്രോതസ്സുകൾ വറ്റി വരളുന്നു. ഗ്രാമങ്ങളും ജലക്ഷാമത്തിന്റെ പിടിയിൽ. ശുദ്ധജല പദ്ധതികൾക്ക് ആശ്രയമായ കല്ലടയാറ്റിലും ജലനിരപ്പ് താഴ്ന്നു. ആറ്റിൽ പതിക്കുന്ന തോടുകളും നീർച്ചാലുകളും വറ്റി വരണ്ടു. ജലനിരപ്പ് താണതോടെ തീരങ്ങളിൽ ജലക്ഷാമവും രൂക്ഷമായി. മണൽ ഖനനത്തിൽ കുഴിഞ്ഞു താണ ആറിന് 10 മീറ്റർ അകലത്തിനുള്ളിലുള്ള കിണറുകളും വറ്റി വരണ്ടു. ആറു കുഴിച്ചും തീരം തുരന്നും മണലൂറ്റിയതിന്റെ പരിണിത ഫലമാണ് ആറ്റുതീരത്തെ ജലക്ഷാമമെന്ന് സമീപവാസികൾ പറഞ്ഞു.

ഇളങ്ങമംഗലം, ഏനാത്ത് ഭാഗങ്ങളിലാണ് ജലക്ഷാമം. ആറ്റിൽ ജലനിരപ്പ് താഴുന്നത് ശുദ്ധജല വിതരണ പദ്ധതികൾക്ക് ഭീഷണിയാണ്. പദ്ധതി കിണറുകൾക്കു സമീപം ജലനിരപ്പ് താഴുന്നത് പൈപ്പുകളിൽ ഓരു കലർന്ന വെള്ളം കയറുന്നതിന് ഇടയാക്കും.

കുന്നിൻ ചരിവുകളിൽ നിന്നുത്ഭവിക്കുന്ന നിരുറവകൾ വറ്റിയതോടെ നീർച്ചാലുകളും തോടുകളും വറ്റി വരണ്ടു.ഇത് ഗ്രാമപ്രദേശങ്ങളിലും ജലക്ഷാമത്തിനു ഇടവരുത്തുന്നു.കൈതപ്പറമ്പിൽ നിന്നുത്ഭവിച്ച് കല്ലടയാറ്റിൽ പതിക്കുന്ന ഓന്തിപ്പുഴ തോട് വരണ്ടതോടെ തോടു കടന്നു പോകുന്ന പ്രദേശങ്ങളിലെ കൃഷിയിടങ്ങളിൽ വരൾച്ച ബാധിച്ചു തുടങ്ങി. ക്ഷീര കർഷകരും പ്രതിസന്ധി നേരിടുന്നു.

## പീരുമേട് ദേവികുളം മലയോര ഹൈവേ: ചപ്പാത്ത് കട്ടപ്പന റീച്ചിന്റെ പണികൾ ഉടൻ തുടങ്ങും



**കട്ടപ്പന:** പീരുമേട്ദേവികുളം മലയോര ഹൈവേയുടെ ഒന്നാം റീച്ചായ കുട്ടിക്കാനംചപ്പാത്ത് റോഡ് പൂർത്തിയായതോടെ അടുത്ത ഘട്ടം ജോലികൾ ഉടൻ ആരംഭിക്കും. ചപ്പാത്ത് മുതൽ കട്ടപ്പന വരെയുള്ള 21 കിലോമീറ്റർ റീച്ചിന്റെ പണികളാണ് ഉടൻ ആരംഭിക്കുന്നത്. ചപ്പാത്ത് മേരികുളം, മേരികുളം നരിയമ്പാറ, നരിയമ്പാറ കട്ടപ്പന എന്നിങ്ങനെ 3 ഭാഗങ്ങളായാണ് ഇതു നിർമിക്കുക. നരിയമ്പാറ കട്ടപ്പന റോഡിന്റെ കരാർ ഇതിനകം നൽകി.

17.15 കോടി രൂപ ചെലവിൽ ഒരു വർഷം കൊണ്ടു പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ഈ റോഡിലെ ഇരുപതേക്കർ പാലം പൊളിച്ചു വീതി കൂട്ടി പണിയും. മേരികുളം നരിയമ്പാറ റോഡ് 53.77 കോടി രൂപയും ചപ്പാത്ത് മേരികുളം റോഡ് 39.16 കോടി രൂപയും മുടക്കിയാണ് നിർമിക്കുന്നത്. ഇവയ്ക്കും ഈ മാസം കരാറാകും. 2 വർഷവും ഒന്നര വർഷവുമാണു യഥാക്രമം ഇവയുടെ നിർമാണ കാലാവധി.

ഇതേ ഹൈവേയുടെ മറുഭാഗത്തെ 5.5 കിലോമീറ്റർ വരുന്ന എല്ലക്കൽ വലിയ മുല്ലക്കാനം റോഡിന്റെ നിർമാണത്തിനും കരാറായി. 39.79 കോടി രൂപയാണ് ഈ ഭാഗത്തിന്റെ നിർമാണച്ചെലവ്. 18 മാസം നിർമാണ കാലാവധിയുള്ള ഈ റോഡിലെ എല്ലക്കൽ പാലവും പൊളിച്ചുപണിയും. ഇരുട്ടുകാനം എല്ലക്കൽ, വലിയ മുല്ലക്കാനം കുത്തുങ്കൽ, കുത്തുങ്കൽ മൈലാടുംപാറ, മൈലാടുംപാറ പുളിയൻമല, പുളിയൻമല കട്ടപ്പന എന്നീ റീച്ചുകളാണ് ഹൈവേയിൽ അവശേഷിക്കുന്നത്.

കട്ടപ്പന പുളിയൻമല റീച്ചിന്റെ നിലവിലുണ്ടായിരുന്ന ഡിഫക്ട് ലയബിലിറ്റി കാലം പൂർത്തിയായതിനാൽ നിർമാണത്തിനുള്ള നടപടിക്രമങ്ങൾ തുടങ്ങി. ഒന്നിലേറെ ഹെയർപിൻ വളവുകളുള്ള ഈ റീച്ചിൽ വളവുകൾ ബലപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള ജോലികൾ നടത്തും.

മറ്റു റോഡുകളുടെ നിലവിലുള്ള ഡിഎൽപി കഴിയുന്നതോടെ 12 മീറ്റർ വീതിയിൽ മലയോര ഹൈവേയാക്കി വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും. കേരള റോഡ് ഫണ്ട് ബോർഡിന്റെ മേൽനോട്ടത്തിലാണു നിർമാണപ്രവർത്തനങ്ങൾ.

## പൈനാപ്പിളിന് തണലൊരുക്കാൻ ഗ്രീൻനെറ്റ്



**പിറവം:** വേനൽ ശക്തമായതോടെ കൈതച്ചക്കയ്ക്ക് ഉണക്കേൽക്കുന്നതു പ്രതിരോധിക്കാൻ ഗ്രീൻ നെറ്റ് പ്രയോജനപ്പെടുത്തി കർഷകർ. നാളുകൾക്കു ശേഷം പൈനാപ്പിളിനു മെച്ചപ്പെട്ട വില ലഭിക്കുന്ന സമയമാണിത്. കടുത്ത വെയിലിൽ ഉൽപാദനം കുറഞ്ഞതാണു വില ഉയരാൻ കാരണം. ചൂടു പ്രതിരോധിക്കുന്നതിനു കൈതച്ചക്ക വിരിയുമ്പോൾ മുകളിൽ തെങ്ങോല വിരിക്കുന്നതായിരുന്നു പതിവ്. കേരളത്തിൽ തെങ്ങിനു കീടബാധ മൂലം നീളവും വീതിയും ഉള്ള ഓല ലഭിക്കാതായി. അടുത്തയിടെയായി തമിഴ്നാട്ടിൽ നിന്നാണ് ഓല എത്തുന്നത്. ഒരു ഓല എത്തുമ്പോൾ 15 രൂപ വരെ മുടക്കു വേണ്ടിവരുമെന്നാണു കർഷകർ പറയുന്നത്. ഒരു ഏക്കർ തോട്ടം ഓല വിരിക്കുന്നതിനു 25,000 രൂപ വരെയും മുടക്കുണ്ടാകും. ഇതോടെയാണു ഗ്രീൻ നെറ്റ് വിരിക്കുന്നതിനു കർഷകർ തയാറായി തുടങ്ങിയത്. ഓല വിരിച്ചാൽ ഒരു സീസണിൽ മാത്രമേ ഉപയോഗിക്കാനാവൂ.

ഗ്രീൻനെറ്റ് വിരിക്കുന്നതിന് ഏക്കറിനു 40,000 രൂപ വരെ മുടക്കു വരുമെന്നു മണീടിലെ കർഷകനായ കുപ്പക്കാട്ടുകുഴിയിൽ ബെന്നി പറഞ്ഞു. പക്ഷേ, 5 വർഷം വരെ നെറ്റ് ഉപയോഗിക്കാനാകും.

കരുത്തുറ്റ ഓജസ്സിന്റെ പുനർജന്മം
കായകൽപ ചികിത്സാരീതിയിൽ അമൂല്യ ഔഷധങ്ങളാൽ തയ്യാറാക്കിയ
ധാതു പുഷ്ടിയും ബലവും ഓജസ്സും വീണ്ടെടുക്കുവാൻ സഹായിക്കുന്നു
ഓജസെറ്റ് ക്യാപ്സൂൾ | OJUSET CAPSULES
SINCE 1995


ORDER NOW: 755 99 6 44 55
FREE DOCTOR CONSULTATION: 75 93 83 47 81
Available at amazon
എല്ലാ ഇംഗ്ലീഷ് – ആയുർവ്വേദ മെഡിക്കൽ ഷോപ്പുകളിലും തപാലിലും ലഭിക്കുന്നു
www.ojuset.com



# ചാലക്കുടിപ്പുഴയിലേക്ക് അധിക ജലം 10 ദിവസം കൂടി

**ചാലക്കുടി:** ചാലക്കുടിപ്പുഴത്തടത്തിലെ അതിരൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ ഷോളയാർ ഡാമിൽനിന്ന് 10 ദിവസം കൂടി അധികജലം തുറന്നുവിടും. നേരത്തെ മാർച്ച് ഒന്നുമുതൽ 10 വരെ അധികജലം തുറന്നുവിട്ടെങ്കിലും 10നു ശേഷം നിലച്ചിരുന്നു. വേനൽ ശക്തമായതോടെ പുഴയോര പ്രദേശങ്ങളിൽ കൃഷിനാശം വ്യാപകമായിരുന്നു. ജാതിമരങ്ങൾ ഉണങ്ങുകയും വാഴക്കൃഷി നശിക്കുകയും ചെയ്തു.

പച്ചക്കറികൃഷിയെയും മറ്റു വിളകളെയും ബാധിച്ചു. തുടർന്നു നാടിന്റെ നാനാഭാഗത്തുനിന്ന് പ്രതിഷേധം ഉയർന്നു. ഇതോടെ വിഷയം മന്ത്രിമാരെ ബോധ്യപ്പെടുത്തിയതായി സനീഷ്കുമാർ ജോസഫ് എംഎൽഎ അറിയിച്ചു. തുടർന്നാണു 10 ദിവസത്തേക്കു കൂടി വെള്ളം അധികമായി തുറന്നുവിടാൻ തീരുമാനിച്ചതായി മന്ത്രി കെ. കൃഷ്ണൻകുട്ടി അറിയിച്ചത്.

ഇന്നുമുതൽ അധികമായെത്തുന്ന ജലം 27നു നിലയ്ക്കും. അതിനകം മഴ ലഭിച്ചില്ലെങ്കിൽ കൃഷിമേഖലയിലെ പ്രതിസന്ധി രൂക്ഷമായി തുടരും. കൃഷി ആവശ്യത്തിനു കനാലുകൾ വഴിയെത്തിക്കുന്ന ജലമാണു കിണറുകളിൽ ജലസമൃദ്ധി ഉറപ്പാക്കുന്നത്. കനാലുകളിൽ വെള്ളമെത്താതായതോടെ പല മേഖലയിലും ശുദ്ധജലവും കിട്ടാതായി.

കിണറുകളും കുളങ്ങളും മറ്റു ജലസ്രോതസ്സുകളും വറ്റി. ആൽത്തലച്ചൊഴുകിയിരുന്ന പുഴ ചിലയിടങ്ങളിൽ മണൽപ്പരപ്പു മാത്രമായി. തുമ്പൂർമുഴി റിവർ ഡൈവേർഷൻ സ്കീം വഴി ഊഴമനുസരിച്ചാണു കനാൽവഴി വിവിധ ഭാഗങ്ങളിലേക്കു ജലം തുറന്നു വിടുന്നത്. പല സ്ഥലങ്ങളിലും ഒരു മാസം കഴിഞ്ഞിട്ടും വെള്ളം എത്തിയില്ലെന്നും പരാതിയുണ്ട്.

# നെല്യാടി ലെഷർ ടൂറിസം പദ്ധതി ഉദ്ഘാടനം നാളെ

**കൊയിലാണ്ടി:** വിശാലമായ തടാകം കണക്കെ പരന്നു കിടക്കുന്ന പുഴയിൽ ശിക്കാര ബോട്ട് യാത്ര, സ്പീഡ് ബോട്ട് യാത്ര,പെഡൽ ബോട്ട് യാത്ര, കയാക്കിങ് തുടങ്ങിയവ... തീരത്ത് ആംഫി തിയറ്റർ, മാജിക് ഷോ, കളരിപ്പയറ്റ്, റസ്റ്ററന്റ്, കണ്ടൽ വനം, കാവുകൾ തുടങ്ങിയവ.. ഒപ്പം ജല വിനോദ പരിപാടികളും ഒരുക്കി കൊയിലാണ്ടി നഗരസഭയുടെ കവാടമായ നെല്യാടി പുഴയിലെ വൻ ടൂറിസം പദ്ധതി നാളെ കാനത്തിൽ ജമീല എംഎൽഎ നാടിനു സമർപ്പിക്കും. ടി.പി.രാമകൃഷ്ണൻ എംഎൽഎ മുഖ്യാതിഥിയാകും.




ആംഫി തിയറ്റർ ചലച്ചിത്ര താരം സുനിൽകുമാറും ശിക്കാര ബോട്ട് നഗരസഭാധ്യക്ഷ സുധ കിഴക്കേപ്പാട്ടും, വെബ്സൈറ്റ് നഗരസഭ ഉപാധ്യക്ഷൻ കെ.സത്യനും സ്പീഡ് ബോട്ട് മുൻ എംഎൽഎ കെ.ദാസനും ഉദ്ഘാടനം ചെയ്യും. നെല്യാടി പുഴയുടെ തീരമായ കൊടക്കാട്ടും മുറിയിലാണ് പരിപാടി.ഗ്രാമീണ ഉത്തരവാദിത്ത ടൂറിസം സാധ്യതകൾ വികസിച്ചു വരുന്ന കാലഘട്ടത്തിൽ നെല്യാടിപ്പുഴയും അതിന്റെ ഇരുകരകളിലുമുള്ള നാടുകളും കൊയിലാണ്ടിയുടെ പൈതൃക സംസ്കാരവും സഞ്ചാരികൾക്കു അനുഭവ വേദ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി രൂപീകരിച്ച നെല്യാടി ലെഷർ ടൂറിസം പദ്ധതിയാണ് കൊയിലാണ്ടി നഗരസഭയിലെ നെല്യാടി കേന്ദ്രമാക്കി പ്രവർത്തന സജ്ജമാവുന്നത്.

നെല്യാടി പുഴയുടെ തീരമായ കൊടക്കാട്ടും മുറിയിൽ വിവിധ ജല വിനോദ പരിപാടികൾ പുഴയുടെ തീരത്തെ മുഖ്യ ആകർഷണമാണ്.

നെല്യാടിപ്പുഴയിലൂടെ ശിക്കാര വഞ്ചിയിലൂടെ നടത്തുന്ന ഉല്ലാസ യാത്രയും, പുഴയുടെ ഇരുകരകളിലുമുള്ള ഇടതൂർന്ന കണ്ടൽക്കാടുകളും ദേശാടനപ്പക്ഷികളുടെയും നീർനായകളുടെയും ആവാസ കേന്ദ്രങ്ങളും ദർശിക്കാൻ കഴിയുന്നതും അനുഭൂതിയാണ്.

സർക്കാർ ബജറ്റിൽ 2 കോടി രൂപ നെല്യാടി ടൂറിസം വികസനത്തിന് വകയിരുത്തിയിട്ടുണ്ട്. മുൻ എംഎൽഎ കെ.ദാസൻ പ്രസിഡന്റും കെ.ടി.രഘു ചെയർമാനും എ.ഡി.ദയാനന്ദൻ സെക്രട്ടറിയുമായ കമ്മിറ്റിയാണ് നെല്യാടി ലെഷർ ടൂറിസം പദ്ധതിക്കു നേതൃത്വം നൽകുന്നത്.

## വന്യജീവികളെ പ്രതിരോധിക്കാൻ ഒരു കോടിയുടെ പദ്ധതി

**കൽപറ്റ:** ജില്ലയിലെ രൂക്ഷമായ വന്യജീവി ആക്രമണത്തിനു പരിഹാരം കാണുന്നതിനു പരിഗണന നൽകി ജില്ലാ പഞ്ചായത്ത് ബജറ്റ്. വന്യമൃഗ പ്രതിരോധത്തിനായി പൊതുനിധി രൂപീകരിക്കുമെന്നാണു പ്രഖ്യാപനം. തദ്ദേശ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, കേന്ദ്ര സംസ്ഥാന സർക്കാർ ഫണ്ടുകൾ, സിഎസ്ആർ ഫണ്ടുകൾ, ഇതര സ്ഥാപന സഹായങ്ങൾ എന്നിവ സംയോജിപ്പിച്ചുള്ള പൊതുനിധി രൂപീകരിക്കും. വനം വകുപ്പ് തയാറാക്കുന്ന മാസ്റ്റർ പ്ലാനിലെ വന്യജീവി പ്രതിരോധ മാർഗങ്ങൾക്കായി തുക ചെലവിടും.

പദ്ധതിക്കായി ഒരു കോടി രൂപ ബജറ്റിൽ വകയിരുത്തി. 66.88 കോടി രൂപ വരവും 66.53 കോടി രൂപ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റ് വൈസ് പ്രസിഡന്റ് എസ്. ബിന്ദു അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും വിദ്യാഭ്യാസ നിലവാരമുയർത്താനുമായി സമഗ്ര എന്ന പേരിൽ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കും. ഇതിനായി 15 കോടി രൂപ വകയിരുത്തി. സ്ത്രീകളുടെ വരുമാനവും തൊഴിൽ പങ്കാളിത്തവും വർധിപ്പിക്കുകയെന്ന ലക്ഷ്യവുമായി പെണ്മ പദ്ധതി നടപ്പിലാക്കും. ജില്ലയിലെ 1000 വനിതകൾക്ക് തൊഴിൽ നൽകുന്ന സംരംഭകത്വ പദ്ധതി നടപ്പിലാക്കും.

# ആലത്തൂരിൽ രണ്ടാംവിള നെല്ലു സംഭരണം തകൃതി

**ആലത്തൂർ:** താലൂക്കിലെ രണ്ടാം വിള നെല്ലു സംഭരണം ദ്രുതഗതിയിൽ. ആലത്തൂർ, കുഴൽമന്ദം, നെന്മാറ ബ്ലോക്കുകളിലെ 18 കൃഷിഭവനുകളിലെ 30,478 കർഷകരുടെ 36,693 ഏക്കർ പാടത്തെ നെല്ലാണ് ആലത്തൂർ താലൂക്കിൽനിന്നു സംഭരിക്കേണ്ടത്. സംഭരിക്കുന്നതിനായി കർഷക റജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള സമയം മാർച്ച് 15 ന് അവസാനിച്ചു. അതത് കൃഷിഭവൻ പരിധിയിൽനിന്നു റജിസ്ട്രേഷൻ ചെയ്തിട്ടുള്ള കർഷകരുടെ അപേക്ഷകൾ കൃഷിഭവൻ തലത്തിൽ വിസ്തൃതി, ഇനം എന്നിവയുടെ കൃത്യത ഉറപ്പാക്കിയാൽ പാഡിമാർക്കറ്റിങ് ഓഫിസറുടെ ലോഗിനിലേക്ക് എത്തുന്നു. പാഡിമാർക്കറ്റിങ് ഓഫിസർ അംഗീകാരം നൽകുന്നതോടെ പാടശേഖരം മിൽ അലോട്മെന്റിനായി തയാറായി കഴിഞ്ഞു. ഡൈനാമിക് അലോക്കേഷൻ വഴി പൂർണമായും ഓൺലൈൻ ആയാണ് മില്ലുകളുടെ അലോട്മെന്റ് നടക്കുന്നത്.



കർഷകന് സ്വന്തം ഉടമസ്ഥാവകാശം ഉള്ള ഭൂമിയിൽ പരമാവധി 2 ഹെക്ടർ വരെ സി ഫോമിലും നെല്ല് സംഭരണത്തിനായി റജിസ്റ്റർ ചെയ്യാവുന്നതാണ്. താലൂക്കിൽ കൃഷി ഓഫിസർ അപ്രൂവ് ചെയ്ത എല്ലാ പാടശേഖര സമിതികൾക്കും മില്ല് അലോട്ട് ചെയ്തു കഴിഞ്ഞു. ഫീൽഡ്സ്റ്റാഫുകളെ ഓരോ പഞ്ചായത്തിലേക്കും വിന്യസിച്ചിട്ടുണ്ട്. പിഎംഒ അഡ്മിൻ ആയിട്ടുള്ള വാട്സാപ് ഗ്രൂപ്പ് വഴി മില്ല് അലോട്ട് ചെയ്യുന്ന വിവരം അപ്പോൾ തന്നെ താലൂക്കിലെ എല്ലാ കൃഷിഓഫിസർമാരിലേക്കും എത്തിക്കുന്നുണ്ട്. കൃഷി ഓഫിസറുടെ ലോഗിനിൽ വെരിഫിക്കേഷന് 45 ദിവസം അധികരിച്ച അപേക്ഷകൾ കൃഷിഓഫിസറുടെ അപേക്ഷ പ്രകാരം ഉടനെ അൺലോക്ക് ചെയ്തു കൊടുക്കുന്നതു വഴിയും സുഗമമായി നെല്ല് സംഭരണം നടത്താൻ സാധിക്കുന്നുണ്ട്. താലൂക്കിൽ സംഭരിച്ച് പ്രോസസ് ചെയ്ത് അരിയാക്കി മില്ലുകളിൽ സൂക്ഷിച്ചിട്ടുള്ള അരിയുടെ ഗുണനിലവാരം ഉറപ്പാക്കി പൊതുവിതരണ സംവിധാനത്തിലേക്ക് എത്തിക്കുക എന്ന ഉത്തരവാദിത്വവും പാഡിമാർക്കറ്റിങ് ഓഫിസർമാർക്കുണ്ട്.

താലൂക്കിൽ ഉൾപ്പെടുന്ന ശ്രീധർ, ജയഭാരത് മില്ലുകളിലെ ഗുണനിലവാരം ഉറപ്പാക്കി ലിഫ്റ്റിങ്ങിന് തയ്യാറായി കഴിഞ്ഞു. ആലത്തൂർ പിഎംഒ യുടെ കീഴിൽ 13 മില്ലുകളാണ് ജില്ലയിൽ ഉള്ളത്. മറ്റു മില്ലുകളിലെയും ഗുണനിലവാരം ഉറപ്പാക്കി അരി ലിഫ്റ്റ് ചെയ്യുന്നതിനുള്ള സംവിധാനം ദിനംപ്രതി ചെയ്തു വരുന്നു. ആലത്തൂർ പിഎംഒ യ്ക്ക് ചിറ്റൂർ താലൂക്കിന്റെ അധിക ചുമതലകൂടി നൽകിയിട്ടുണ്ട്. എങ്കിലും രണ്ട് താലൂക്കിലെയും കർഷക റജിസ്ട്രേഷനും മില്ല് അലോട്മെന്റും നടക്കുന്നുണ്ടെന്ന് പിഎംഒ ജി.കവിത അറിയിച്ചു. ഏക്കറിന് 2200 കിലോ വീതമാണ് കർഷകരിൽനിന്നു സംഭരിക്കുന്നത്. ഓരോ പാടശേഖരത്തിലും 50 ശതമാനം കർഷകരുടെ അപേക്ഷ കൃഷിഓഫിസർമാർ പരിശോധിച്ച് പിഎംഒ യ്ക്ക് സമർപ്പിച്ചാൽ മില്ല് അലോട്മെന്റ് പിഎംഒ യ്ക്ക് നടത്താൻ കഴിയും. അതോടെ കുറച്ച് കൂടി കർഷകർക്ക് സുഗമമായി നെല്ലുസംഭരണം നടത്താൻ കഴിയുമെന്നും പിഎംഒ ജി.കവിത അറിയിച്ചു.

കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ നിന്നു വൈക്കോൽ വാങ്ങാൻ ഇത്തവണ ആവശ്യക്കാരേറെ. കർഷകർ തന്നെ സ്വന്തം ചെലവിൽ കെട്ടുകളാക്കി സൂക്ഷിക്കേണ്ട ബുദ്ധിമുട്ടിന് ഇനി ആശ്വാസമാകും. പാടത്തു കിടക്കുന്ന വൈക്കോൽ ഏജന്റുമാർ വഴി മറ്റു ജില്ലകളിലേക്കു കൊണ്ടുപോകുകയാണു ചെയ്യുന്നത്. കോഴിക്കോട് മേഖലയിൽ നിന്നുള്ള ആവശ്യക്കാർ ഒരേക്കർ സ്ഥലത്തുള്ള വൈക്കോലിന് 5000 രൂപ മൊത്ത വിലയാണ് നൽകുന്നത്. ഒരേക്കറിൽ നിന്നു 50 മുതൽ 60 ചുരുട്ട് വരെ ലഭിക്കും. വലിയ രീതിയിൽ കന്നുകാലി ഫാം നടത്തുന്നവരാണ് കൊണ്ടു പോകുന്നത്. അതത് പ്രദേശത്തെ ക്ഷീരകർഷകരും വൈക്കോൽ വാങ്ങി സൂക്ഷിക്കുന്നുണ്ട്.

# ബീഹാറിലെ ലിച്ചി തോട്ടങ്ങളിൽ നിന്ന് 1 ലക്ഷം കിലോ തേൻ കണ്ണൂരിലേക്ക്



**ശ്രീകണ്ഠപുരം:** ബീഹാറിൽ നിന്നു 1 ലക്ഷം കിലോ ലിച്ചി തേൻ കണ്ണൂർ ജില്ലയിലേക്ക്. വളക്കൈയിലെ മലബാർ ഹണി പാർക്കിന്റെ സംഭരണ സൊസൈറ്റികളിലേക്കാണ് ലിച്ചി തേൻ എത്തുന്നത്. ബീഹാറിൽ മാർച്ച് മാസം ലിച്ചി പൂക്കുന്ന കാലമാണ്. മാർച്ചിലെ 20 ദിവസമാണ് ഇവിടെ നിന്ന് ലിച്ചി തേൻ ശേഖരിക്കുന്നത്. ബിഹാറിൽ 7 ജില്ലകളിൽ നിറയെ ലിച്ചിതോട്ടമാണ്. ഇവിടെ 30 ലക്ഷം തേനീച്ച പെട്ടികളെങ്കിലും ഉണ്ട്. വളക്കൈ മലബാർ ഹണി പാർക്കും അവിടത്തെ തേനീച്ച കർഷകരുടെ സഹായത്തോടെ ലിച്ചി തോട്ടങ്ങളിൽ പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്.

അവിടെ 1 പെട്ടിയിൽ നിന്ന് 25 കിലോ തേൻ കിട്ടും. ഈമാസം അവസാനം 1 ലക്ഷം കിലോ ലിച്ചി തേൻ 5 കണ്ടെയിനറുകളിലാക്കിയാണ് വളക്കൈയിൽഎത്തിക്കുക. ലിച്ചിതോട്ടങ്ങളിലെ തേനിനു പുറമേ പുറമെ കരഞ്ച്, ബെറി, സൂര്യകാന്തി, മല്ലി, കടുക്, മുരിങ്ങ, ഞാവൽ, തുളസി എന്നിങ്ങനെയുള്ള തേൻ വൈവിധ്യങ്ങളും വളക്കൈയിൽ എത്തുന്നുണ്ട്. ഉത്തർ പ്രദേശ്,ജാർഖണ്ഡ്,പശ്ചിമ ബംഗാൾ, ബിഹാർ. ആന്ധ്ര, കർണാടകം, തമിഴ്നാട്, പഞ്ചാബ്, കേരളം എന്നീ സംസ്ഥാനങ്ങളിൽ നിന്നായി ഓരോ വർഷവും 5 ലക്ഷം കിലോ തേൻ ഇവിടെ സംഭരിക്കുന്നുണ്ട്.

1996ലാണ് കണ്ണൂർ റൂറൽ ഡവലപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ ഇവർ തേൻ സംഭരണം ആരംഭിച്ചത്.

2008ലായിരുന്നു തേൻ വിൽപനയും, തേനീച്ച കൃഷിയും പ്രോൽസാഹിപ്പിക്കാനായി മലബാർ ഹണി പാർക്ക് തുടങ്ങിയത്. ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും ഇവർ തേനീച്ച കൃഷിയിൽ കർഷകർക്ക് പരിശീലനം നൽകുന്നുണ്ട്.

40 ലേറെ പേർക്ക് തൊഴിൽ നൽകുന്ന സംരംഭത്തിൽ നിന്ന് ഓരോ വർഷവും 50000 കിലോ തേൻ വിദേശത്തേക്ക് പോലും കയറ്റുമതി ചെയ്യുന്നുണ്ട്

# കയർ ഉൽപന്ന സംഭരണം നിലച്ചിട്ട് 4 മാസത്തിലേറെ

**തൃക്കരിപ്പൂർ:** ഉൽപന്ന സംഭരണം നിലച്ചത് കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് തിരിച്ചടിയായി. സംഭരണം പുനരാരംഭിക്കുന്നതിനു കയർ ഫെഡ് എത്രയും വേഗം സംവിധാനം ഉണ്ടാക്കിയില്ലെങ്കിൽ സംഘങ്ങൾക്ക് താഴ് വീഴും. തൊഴിലാളികൾ ദുരിതത്തിലാകും. കഴിഞ്ഞ 4 മാസത്തിലധികമായി കയർ ഫെഡ് ഉൽപന്നങ്ങൾ സംഭരിക്കുന്നില്ല. ഇതുമൂലം ചെറുകിട കയർ സഹകരണ സംഘങ്ങളുടെ നിലനിൽപ് തന്നെ അപകടത്തിലാണ്. ജില്ലയിൽ പ്രവർത്തിക്കുന്ന എല്ലാ കയർ സഹകരണ സംഘങ്ങളും പ്രതിസന്ധിയുടെ ആഴക്കയത്തിലാണ്.

മെട്ടമ്മലിൽ പ്രവർത്തിക്കുന്ന തൃക്കരിപ്പൂർ കയർ വ്യവസായ സഹകരണ സംഘത്തിൽ ഇന്നലെ വരെ 130 ക്വിന്റലിൽ അധികം ചൂടിക്കയർ ഗോഡൗണിൽ കെട്ടിക്കിടപ്പുണ്ട്. അഞ്ചര ലക്ഷത്തിൽ അധികം തുക വരും ഇതിന്. ഉൽപാദിപ്പിക്കുന്ന ചൂടിക്കയർ വയ്ക്കാൻ ഇടമില്ലാതെ പുറത്തേക്കു തള്ളേണ്ട സാഹചര്യമാണ്. സംഭരണം നടത്താത്തത് മൂലം സംഘങ്ങൾക്ക് പിടിച്ചു നിൽക്കാനാകുന്നില്ല. ഉൽപന്നത്തിന്റെ വില ലഭിക്കാത്തതും തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ കഴിയാത്തതും സംഘങ്ങളെ തകർക്കുകയാണ്.

കഴിഞ്ഞ ഇടതുമുന്നണി സർക്കാർ കയർ രണ്ടാം പുനഃസംഘടന എന്ന പദ്ധതി ഉണ്ടാക്കുകയും കയർ ഭൂവസ്ത്രം ഉൽപാദനത്തിനുള്ള മെഷീനുകൾ നൽകി ഉൽപാദിപ്പിച്ചതുമായ കയറാണ് സംഭരിക്കാതെ കെട്ടിക്കിടക്കുന്നത്.

ഇതേ നില തുടർന്നാൽ കയർ ഉൽപാദക സഹകരണ സംഘങ്ങൾ അടച്ചു പൂട്ടുന്ന സാഹചര്യമുണ്ടാകും. ഓരോ സംഘത്തിലും പത്തിലധികം തൊഴിലാളികളുണ്ട്. വർഷങ്ങളായി ഈ മേഖലയെ ആശ്രയിച്ചു ജീവിതം പുലർത്തുന്നവർ കഷ്ടത്തിലാകും.

# പൈതൃക സ്മാരകമായ ഹൊസ്ദുർഗ് കോട്ട അവഗണനയിൽ



**കാഞ്ഞങ്ങാട്:** ഒരു പൈതൃക സ്മാരകത്തോട് ഒരിക്കലും കാണിക്കാൻ പാടില്ലാത്ത അവഗണനയാണ് ഹൊസ്ദുർഗ് കോട്ടയോട് അധികൃതർ കാണിക്കുന്നത്. ജില്ലയിൽ ബേക്കൽ കോട്ട കഴിഞ്ഞാൽ ഏറ്റവും വിശാലമായ കോട്ടയാണ് ഹൊസ്ദുർഗ് കോട്ട. കാടുകയറി ആർക്കും വേണ്ടാതെ നശിക്കുന്നത് ഒരു നാടിന്റെ ചരിത്രവും എൻജിനീയറിങ് വൈദഗ്ധ്യവുമാണ്. 26 ഏക്കറിൽ വ്യാപിച്ചു കിടന്ന കോട്ടയിപ്പോൾ പ്രധാന കൊത്തളം ഉൾപ്പെടെ ഏതാനും ഏക്കറിൽ മാത്രമായി ചുരുങ്ങി. അതു കാടുമൂടിയും ആർക്കും വേണ്ടാതെയും നശിക്കുന്നു. ചരിത്ര സ്മാരകത്തെ സംരക്ഷിക്കേണ്ടതിനു പകരം പതിച്ചു കൊടുത്തും ഇല്ലായ്മ ചെയ്തും നശിപ്പിക്കുകയാണ് ഭരണവർഗം ചെയ്തതെന്ന് ചരിത്രകാരന്മാർ പറയുന്നു.

കാടുകയറിയും ഇടിഞ്ഞും ഹൊസ്ദുർഗ് കോട്ട നാശത്തിലേക്കു നീങ്ങുകയാണ്. കോട്ടയുടെ പലഭാഗങ്ങളിലും മരത്തിന്റെ വേരുകൾ കയറി ഇടിഞ്ഞു വീഴുന്ന നിലയിലാണ്. മഴക്കാലങ്ങളിൽ ഇടിഞ്ഞു വീണ ചില സ്ഥലങ്ങൾ പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ നന്നാക്കിയിരുന്നു. കോട്ടയുടെ പലഭാഗങ്ങളിലും കയ്യേറ്റവും നടക്കുന്നുണ്ട്. 26 ഏക്കർ സ്ഥലത്ത് വ്യാപിച്ചു കിടന്നിരുന്ന കോട്ടയുടെ ചുറ്റും ഇന്ന് സർക്കാർ കെട്ടിടങ്ങൾ മുതൽ ശ്മശാനം വരെ സ്ഥിതി ചെയ്യുന്നു. മറ്റേതെങ്കിലും രാജ്യത്ത് ആണെങ്കിൽ ഇത്തരം പൈതൃക സ്മാരകങ്ങളെ വേണ്ടപ്പെട്ട രീതിയിൽ സംരക്ഷിക്കുമായിരുന്നു. എന്നാൽ വിനോദ സഞ്ചാര മേഖലയിൽ അടക്കം വലിയ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കേണ്ടിയിരുന്ന കോട്ടയാണ് ഇന്ന് ആളനക്കമില്ലാതെ നശിക്കുന്നത്.

ഹൊസ്ദുർഗ് കോട്ടയെ സൗന്ദര്യവൽക്കരിച്ച് സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് കാഞ്ഞങ്ങാട് നഗരസഭ പുരാവസ്തു വകുപ്പിനെയും സാംസ്കാരിക വകുപ്പിനെയും സമീപിച്ചിരുന്നു. എന്നാൽ അനുകൂലമായ നടപടികളൊന്നും ഉണ്ടായിട്ടില്ല. ഹൊസ്ദുർഗ് കോട്ട കേന്ദ്രമാക്കി ടൂറിസം സർക്യൂട്ട് എന്ന ഒരാശയം കാഞ്ഞങ്ങാടിന്റെ മുഖഛായ മാറ്റാൻ കഴിയുന്ന പദ്ധതിയാണ്. നിത്യാനന്ദാശ്രമം, കാഞ്ഞങ്ങാട് ടൗൺ സ്ക്വയർ, കാഞ്ഞങ്ങാട് കൈറ്റ് ബീച്ച്, ഗുരുവനം, ആനന്ദാശ്രമം, മഞ്ഞംപൊതി കുന്ന് തുടങ്ങിയ വിനോദ സഞ്ചാര ഇടങ്ങളെ പരസ്പരം ബന്ധിപ്പിച്ചുള്ള സർക്യൂട്ട് കാഞ്ഞങ്ങാടിന്റെ വിനോദ സഞ്ചാര മേഖലയ്ക്ക് വലിയ മുതൽക്കൂട്ടാകും.

ഇക്കേരി രാജാവ് സോമശേഖര നായ്ക്കിന്റെ ഭരണകാലത്ത് ആണ് ഹൊസ്ദുർഗ് കോട്ട പണിതത്. 17141739 കാലഘട്ടമാണ് സോമശേഖര നായ്ക്കിന്റെ ഭരണകാലം. ഈ കോട്ട താവളമാക്കിയാണ് നീലേശ്വരം കീഴടക്കി തളിപ്പറമ്പ് മൊറാഴ വരെ ഇക്കേരി രാജവംശത്തിന്റെ കീഴിലാക്കിയത്. കോട്ട വന്നതോടെയാണ് ഈ പ്രദേശം പിന്നീട് പുതിയകോട്ട എന്ന പേരിൽ അറിയപ്പെടാനും തുടങ്ങിയത്. ഇക്കേരി രാജവംശം രണ്ട് ലക്ഷ്യങ്ങളോടെയാണ് കോട്ടകൾ കെട്ടിയത്. കടൽത്തീരത്തും വാണിജ്യപാതകളിലും ആയിരുന്നു ഇവർ കോട്ട പണിതത്. ഇതിൽ ഹൊസ്ദുർഗ് കോട്ട പണിതത് രാഷ്ട്രീയസൈനിക ലക്ഷ്യത്തോടെയായിരുന്നു. ജില്ലയിലെ തന്നെ മറ്റു പല കോട്ടകളും ഉൾനാടൻ വാണിജ്യ പാത കേന്ദ്രീകരിച്ചായിരുന്നു നിർമിച്ചത്.

കച്ചവടക്കാരെ കൊള്ളക്കാരിൽ നിന്നു സംരക്ഷിക്കുകയായിരുന്നു ഇത്തരം വാണിജ്യപാതകളിൽ കെട്ടിയ കോട്ടകളിലൂടെ ലക്ഷ്യമിട്ടത്.

# ബേക്കൽ ബീച്ച് പാർക്ക് നടത്തിപ്പ് പള്ളിക്കര സഹകരണ ബാങ്കിന്



**ബേക്കൽ:** പള്ളിക്കര ബീച്ച് പാർക്കിന്റെ നടത്തിപ്പ് ഇത്തവണയും പള്ളിക്കര സർവീസ് സഹകരണ ബാങ്കിനു തന്നെ. 10 വർഷത്തേക്കാണു കരാർ. ബാങ്കും ടൂറിസം വകുപ്പും 2.5 കോടി വീതം ചെലവഴിച്ച് 5 കോടിയുടെ വികസന പ്രവർത്തനങ്ങളും നടപ്പാക്കും. പുറമേ മാസം 16 ലക്ഷത്തോളം രൂപയാണ് ബാങ്ക് ടൂറിസം വകുപ്പിനു നൽകേണ്ടത്.നേരത്തേ 3 വർഷത്തേക്കു വീതമുള്ള 2 തവണത്തെ ടെൻഡറും പള്ളിക്കര സർവീസ് സഹകരണ ബാങ്കിനായിരുന്നു.

കോവിഡ് കാരണം പാർക്കിൽ നിന്നുള്ള വരുമാനം നഷ്ടത്തിലായതിനെ തുടർന്ന് ടെൻ!ഡർ കാലാവധി 2 വർഷത്തേക്കു കൂടെ നീട്ടി നൽകി. ഇതോടെ 8 വർഷമായി പാർക്ക് നടത്തിപ്പ് ഈ ബാങ്ക് തന്നെയാണ്.2.5 കോടിക്കു ഇത്തവണ ആകെ 3 ടെൻഡറുകളാണ് ലഭിച്ചത്. ഇതിൽ ഒരെണ്ണം അയോഗ്യതയുള്ളതിനാൽ ഒഴിവാക്കി.



# ബ്രഹ്മപുരം തീപിടിത്തം;ആസിഡ് മഴയ്ക്ക് സാധ്യതയില്ലെന്ന് മലീനികരണ നിയന്ത്രണ ബോർഡ്

**കൊച്ചി:** ബ്രഹ്മപുരം തീപിടിത്തവുമായി ബന്ധപ്പെട്ട് നിരവധി തെറ്റായ പ്രചാരണങ്ങൾ നടക്കുന്നുണ്ടെന്നും ആസിഡ് മഴയ്ക്ക് സാധ്യതയില്ലെന്നും മലീനികരണ നിയന്ത്രണ ബോർഡ് എൻവയൺമെന്റൽ എഞ്ചിനീയർ പി.ബി ശ്രീലക്ഷ്മി പറഞ്ഞു. ബ്രഹ്മപുരം തീപിടിത്തത്തിന്റെ പശ്ചാത്തലത്തിൽ സംഘടിപ്പിച്ച ബോധവൽക്കരണ ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അവർ. ആസിഡ് മഴ സംബന്ധിച്ച് ആശങ്കകൾ വേണ്ട. അന്തരീക്ഷത്തിൽ സൾഫർ ഡയോക്സൈഡിന്റെ അളവ് വർധിക്കുമ്പോഴാണ് മഴയ്ക്കൊപ്പം ആസിഡിന്റെ സാന്നിധ്യം ഉണ്ടാകുന്നത്. അതിന് ഇവിടെ സാധ്യതയില്ല. കടമ്പ്രയാറിലെ വെള്ളവും പരിശോധിക്കുന്നുണ്ട്. സാമ്പിളുകളുടെ സെക്കൻ്റർ പരിശോധനയാണ് നടത്തുന്നത്. 15 ദിവസത്തിനകം ഫലം ലഭിക്കുമെന്നും അത് ജനങ്ങളെ അറിയിക്കുമെന്നും ശ്രീലക്ഷ്മി പറഞ്ഞു. കടലിന്റെ സാമീപ്യമുള്ളതിനാൽ തീപിടിത്തവുമായി ബന്ധപ്പെട്ട് ഉണ്ടായ പുക ഭൂരിഭാഗവും കാറ്റിനാൽ ഇല്ലാതായെത്തും അവർ പറഞ്ഞു.മാലിന്യ സംസ്ക്കരണത്തിന് അനുകരണീയ മാതൃകകൾ സ്വീകരിക്കണമെന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസർ സുജിത് കരുൺ പറഞ്ഞു. പ്ലാസ്റ്റിക് ഇനി ബ്രഹ്മപുരത്ത് അനുവദിക്കില്ല. ജൈവ, അജൈവ മാലിന്യങ്ങൾ തരം തിരിച്ച് നൽകണം. ഉറവിട മാലിന്യ സംസ്ക്കരണമാണ് ഇനി നടപ്പിലാക്കുന്നത്. ജൈമാലിന്യങ്ങൾ വീടുകളിൽ തന്നെ സംസ്ക്കരിക്കരിക്കണമെന്നും അജൈവ മാലിന്യങ്ങൾ വൃത്തിയായി തരം തിരിച്ച് നൽകണമെന്നും അദ്ദേഹം പറഞ്ഞു. പാൽ കവറുകൾ, ഫുഡ് കവറുകൾ എന്നിവ കഴുകി നൽകാൻ കഴിയണം. കോർപറേഷൻ പരിധിയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ക്ലീൻ കേരള കമ്പനി പ്രവർത്തനം തുടങ്ങി. ഹരിത കർമ സേനയുടെ മാതൃകയിൽ നഗരസഭയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുമെന്നും അദ്ദേഹം പറഞ്ഞു.ബ്രഹ്മപുരം തീപിടിത്തവുമായി ബന്ധപ്പെട്ട് തൊണ്ടയ്ക്കും കണ്ണിനും അസ്വസ്ഥതകൾ അനുഭവപ്പെട്ട് ആരോഗ്യ സേവനം തേടുന്നവരുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടായിട്ടുണ്ടെന്ന് ഡെപ്യൂട്ടി ഡി.എം.ഒ ഡോ. കെ.സവിത പറഞ്ഞു.ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നവർക്കായി ആരോഗ്യവകുപ്പ് മൊബൈൽ യൂണിറ്റ്, കൺട്രോൾ റൂമുകൾ ഉൾപ്പെടെയുള്ള പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ശ്വാസ് ക്ലിനിക്കുകളുടെ സേവനം 11 അർബൻ ഹെൽത്ത് സെന്ററുകളിലും സമീപ ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ കേന്ദ്രങ്ങളിലും ഉറപ്പാക്കിയിട്ടുണ്ട്. പുക ശ്വസിച്ചതുമൂലം ആരോഗ്യപ്രശ്നം നേരിട്ടവരെ കണ്ടെത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി ആരോഗ്യ സർവേ പുരോഗമിക്കുകയാണ്. സർവേയോട് ജനങ്ങൾ സഹകരിക്കുന്നുണ്ടെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും ഡെപ്യൂട്ടി ഡി.എം.ഒ വ്യക്തമാക്കി. കൂടാതെ ക്യാമ്പുകളും സംഘടിപ്പിക്കുന്നു. കിടപ്പു രോഗികൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ടെന്നും ഡെപ്യൂട്ടി ഡി.എം.ഒ പറഞ്ഞു.മാലിന്യ വിമുക്ത കൊച്ചിക്കായി ഒരുമിച്ച് പ്രവർത്തിക്കാമെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് പറഞ്ഞു. കൊച്ചിയിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണേണ്ടതുണ്ട്. ആ ലക്ഷ്യം കൈവരിക്കാൻ സർക്കാർ സംവിധാനങ്ങൾക്കും ജനപ്രതിനിധികൾക്കുമൊപ്പം ജനങ്ങളുടെ കൂടി സഹകരണവും പിന്തുണയും ആവശ്യമാണെന്നും കളക്ടർ പറഞ്ഞു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ശിൽപശാലയിൽ തദ്ദേശവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ പി.എം ഷഫീഖ്, ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ഉഷ ബിന്ദുമോൾ, ആരോഗ്യവകുപ്പ് അഡീഷ്ണൽ ഡയറക്ടർ ഡോ. ജോസ് ഡിക്രൂസ്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എസ്. ശ്രീദേവി, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ആർ. അഖിലേഷ് മേനോൻ, നവകേരളം മിഷൻ ജില്ലാ കോ ഓഡിനേറ്റർ എസ്. രഞ്ജിനി, റെസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.



# ’സർവ്വശുദ്ധി രവിപുരം’; സൗജന്യ ബക്കറ്റ് ബിൻ വിതരണം ആരംഭിച്ചു

**കൊച്ചി:** വീടുകളിലെ ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുവാനുള്ള പ്രവർത്തനങ്ങൾ കൊച്ചി കോർപ്പറേഷനിൽ ആരംഭിച്ചു. ഇതോടനുബന്ധിച്ച് സംസ്ഥാന ശുചിത്വ മിഷൻ മാതൃക ഡിവിഷനായി തെരഞ്ഞെടുത്ത രവിപുരം ഡിവിഷനിൽ, ബയോബിന്നിന്റെ ഉപയോഗം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി 'സർവ്വശുദ്ധി രവിപുരം' പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.പദ്ധതിയുടെ ഭാഗമായി രണ്ടായിരം രൂപ വിലയുള്ള ബയോ ബിന്നുകൾ ഡിവിഷനിൽ താമസിക്കുന്നവർക്ക് സൗജന്യമായി നൽകുന്ന പരിപാടിയുടെ ഉദ്ഘാടനം മേയർ അഡ്വക്കേറ്റ് എം.അനിൽകുമാർ നിർവ്വഹിച്ചു.രവിപുരം ഡിവിഷനെ മാതൃക ഡിവിഷനായി തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട് സംബന്ധിച്ച് ജനുവരി 26 ന് രവിപുരത്തു വിളംബര ജാഥ നടത്തിയിരുന്നു. രവിപുരത്തെ നൂറോളം വീടുകളിൽ നിലവിൽ ബയോ ബിന്നുകൾ ഉപയോഗിക്കുന്നുണ്ട്. രവിപുരത്തെ ’ദ സെൻട്രൽ സർവ്വീസസ് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനം നൂറ് സെറ്റ് ബയോ ബിന്നുകൾ ഇതിലേക്കായയി സ്പോൺസർ ചെയ്തു.’ രവിപുരം ഡിവിഷനിലെ പല അഭ്യുദയ കാംക്ഷികളും ഈ സദുദ്യമത്തിൽ ഡിവിഷൻ കൗൺസിലർ എസ് ശശികലയെ സഹായിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ ജൈവമാലിന്യ സംസ്കരണത്തിൽ മാതൃക കാട്ടിയ ’വട്ടിയൂർക്കാവ് യൂത്ത് കോ ഓപ്പറേറ്റീവ് സൊസൈറ്റിയോടൊപ്പം പെലിക്കൻ ഫൗണ്ടേഷൻ കൂടി ’സർവശുദ്ധി രവിപുരം’ എന്ന പദ്ധതിയുടെ ഭാഗമാകുകയാണ്. വട്ടിയൂർക്കാവ് യൂത്ത് കോഓപ്പറേറ്റീവ് സൊസൈറ്റി 200 സെറ്റ് ബയോ ബിന്നുകളാണ് സൗജന്യമായി നൽകുന്നത്.നഗരത്തിൽ പലയിടത്തും ഇപ്പോഴും ഭക്ഷണമാലിന്യം പ്ലാസ്റ്റിക് ചാക്കുകളിലും കിറ്റുകളിലും കെട്ടി തെരുവുകളിൽ എടുത്ത് വയ്ക്കുന്നുണ്ട്. ഇങ്ങനെ ഏതെങ്കിലും സ്ഥലത്തു നിന്ന് മാലിന്യങ്ങൾ ശേഖരിച്ച് പാതയോരങ്ങളിൽ വയ്ക്കാൻ പാടുള്ളതല്ല. അത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. മാലിന്യ ശേഖരണ തൊഴിലാളികൾ ആരും തന്നെ ഇത്തരം പ്രവൃത്തി ചെയ്യാൻ പാടുള്ളതല്ല.നിലവിൽ നഗരസഭ സാധാരണ ഗതിയിലേത് പോലെ തന്നെ മാലിന്യം ശേഖരിക്കുന്നുണ്ട്. പ്ലാസ്റ്റിക് വേസ്റ്റ് എടുക്കുന്നില്ല എന്നു മാത്രമേ ഉള്ളൂ. പ്ലാസ്റ്റിക് വേസ്റ്റ് അവരവരുടെ വീടുകളിൽ തന്നെ ശേഖരിച്ച് വയ്ക്കാവുന്നതാണ്. ഹെൽത്ത് സർക്കിളുകൾ വഴി ഒരു പ്രത്യേക ദിവസത്തിൽ അത് പിന്നീട് ശേഖരിയ്ക്കും.മാലിന്യ നീക്കം സാധാരണ പോലെ നടക്കുന്നുണ്ട്. എല്ലാവരുടെയും ഭക്ഷണാവശിഷ്ടം ഉൾപ്പെടെയുള്ള ജൈവമാലിന്യം ശേഖരിയ്ക്കുന്നതിൽ നിന്നും നഗരസഭ പിന്നോട്ട് പോയിട്ടില്ല. ആയതിനാൽ ഈ വിഷയത്തിൽ നഗരസഭയുമായി എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നുവെന്നും മേയർ പറഞ്ഞു.



## ആസൂത്രണ സമിതി യോഗം

**കൊച്ചി:**ബ്രഹ്മപുരം തീപിടിത്തത്തിന്റെ പശ്ചാത്തലത്തിൽ ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ജില്ലാ ആസൂത്രണ സമിതി ഇന്ന് യോഗം ചേരും. തദ്ദേശ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് സമിതി ചർച്ച ചെയ്യുക. ഉച്ചയ്ക്ക് രണ്ടിന് ആസൂത്രണ സമിതി കോൺഫറ9സ് ഹാളിൽ ചേരുന്ന യോഗത്തിൽ ജില്ലാ പ്രസിഡന്റ് ഉല്ലാസ് തോമസ് അധ്യക്ഷത വഹിക്കും. മേയർ അഡ്വ. എം. അനിൽ കുമാർ, ജില്ലാ കളക്ടർ എ9.എസ്. കെ. ഉമേഷ്, ആസൂത്രണ സമിതി അംഗങ്ങൾ, ശുചിത്വ മിഷൻ, ഹരിത കേരള മിഷൻ, വിദഗ്ധ സമിതി അംഗങ്ങൾ, തദ്ദേശ സ്ഥാപന അധ്യക്ഷ9മാർ, സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുക്കും.

## ഇ ഇ ജി ടെക്നീഷ്യൻ ഒഴിവ്

**കൊച്ചി:** ജില്ലയിൽ ദേശീയ ആരോഗ്യപദ്ധതിയുടെ ഭാഗമായി കരാർ വ്യവസ്ഥയിൽ ഇ ഇ ജി ടെക്നീഷ്യൻ തസ്തികയിൽ രണ്ട് ഒഴിവുണ്ട്. യോഗ്യത പ്ലസ് ടു അല്ലെങ്കിൽ തത്തുല്യം. ന്യൂറോ ടെക്നോളജി (രണ്ട് വർഷത്തെ കോഴ്സ്) ഡിപ്ലോമ, മെഡിക്കൽ കോളേജിൽ നിന്നോ മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരമുള്ള ആറു മാസത്തെ ഇൻറേൺഷിപ്പും കേരള പാരമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനും.

## താത്കാലിക നിയമനം

കൊച്ചി: കാക്കനാട് സ്ഥിതി ചെയ്യുന്ന സൈനിക റസ്റ്റ് ഹൗസിൽ പാർട്ട് ടൈം തൂപ്പുകാരിയുടെ തസ്തികയിൽ മാസം 7000 രൂപ വേതന നിരക്കിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ സൈനിക ക്ഷേമ ഓഫീസർ, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം വിലാസത്തിലോ, നേരിട്ടോ മാർച്ച് 25 ന് മുമ്പ് ലഭിക്കണം. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842422239.

## വാഹന ഗതാഗതം നിരോധിച്ചു

**കൊച്ചി:** നോർത്ത് പറവൂർ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം അസിസ്റ്റൻറ് എഞ്ചിനീയർ ഓഫീസിന്റെ അധികാര പരിധിയിൽ വരുന്ന വരാപ്പുഴ കടമക്കുടി റോഡിൽ പഞ്ചായത്ത് ജംഗ്ഷൻ മുതൽ പുതുശ്ശേരി പാലം വരെയുള്ള ഭാഗങ്ങളിൽ ബി.എം.ബി.സി. ടാറിംങ്ങ് ജോലികൾ മാർച്ച് 18 ശനിയാഴ്ച വൈകുന്നേരം ആറു മുതൽ ആരംഭിക്കും. ജോലികൾ പൂർത്തികരിക്കുന്നതുവരെ ഈ റോഡിൽ കൂടിയുള്ള വാഹന ഗതാഗതം നിരോധിച്ചതായി പറവൂർ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം സെക്ഷൻ അസിസ്റ്റൻറ് എഞ്ചിനീയർ അറിയിച്ചു.

### കോഴിക്കോട് ഡോക്ടറെ ആക്രമിച്ച പ്രതികളെ പിടികൂടുന്നതിൽ അനാസ്ഥ

# ഒ.പി ബഹിഷ്കരിച്ച് ഡോക്ടർമാർ ; എറണാകുളം ജില്ലയിൽ സമരം സമ്പൂർണ്ണം

**കൊച്ചി:** കോഴിക്കോട് ഫാത്തിമ ആശുപത്രിയിലെ ഡോക്ടറെ ക്രൂരമായി ആക്രമിച്ച സംഭവത്തിലെ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യാൻ തയ്യാറാകത്ത പോലിസിന്റെ അനാസ്ഥയ്ക്കെതിരെ സമരമുഖം തുറന്ന് ഇൻഡ്യൻ മെഡിക്കൽ അസ്സോസിയേഷൻ(ഐ.എം.എ). ഐ.എം.എയുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ നടത്തിയ മെഡിക്കൽ സമരത്തിന്റ ഭാഗമായി ഐ.എം.എ എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആയിരത്തിലധികം വരുന്ന ഡോക്ടർമാർ പ്ലക്കാർഡുകളും മുദ്രാവാക്യം വിളികളുമായി എറണാകുളം കളക്ടറേറ്റിനു മുന്നിൽ നടത്തിയ ധർണ്ണയും പ്രകടനവും അധികൃതരുടെ അനാസ്ഥയ്ക്കെതിരെയുള്ള പ്രതിഷേധത്തിന്റെ കൊടുങ്കാറ്റായി മാറി.കെ.ജി.എം.ഒ.എ, ഐ.ഡി.എ, കെ.ജി.ഐ.എം.ഒ.എ, കെ.ജി.എം.സി.ടി.എ, കെ.ജി.എസ്.ഡി.എ അടക്കം 32 ഓളം സംഘടനകളും ഐ.എം.എയുടെ നേതൃത്വത്തിൽ നടന്ന സമരത്തിന് പിന്തുണ പ്രഖ്യാപിച്ചെത്തിയിരുന്നു.ഡോക്ടർമാരടക്കമുള്ള ആരോഗ്യപ്രവർത്തകർക്കും ആശുപത്രികൾക്കും നേരെ ഇനിയും ആക്രമണം തുടർന്നാൽ കൈയ്യും കെട്ടി നോക്കി നിൽക്കാൻ കഴിയില്ലെന്നും ശക്തമായ സമരപരിപാടികളുമായി ഐ.എം.എയുടെ നേതൃത്വത്തിൽ ഡോക്ടർമാർ തെരുവിൽ ഇറങ്ങുമെന്നും ധർണ ഉദ്ഘാടനം ചെയ്തുകൊണ്ട് ഐം.എം.എ മുൻ സംസ്ഥാന പ്രസിഡന്റുമാരായ ഡോ.എ.വി ബാബുവും ഡോ.ഏബ്രഹാം വർഗ്ഗീസും വ്യക്തമാക്കി. ഡോക്ടർമാർക്കും ആരോഗ്യപ്രവർത്തകർക്കും നേരെ കഴിഞ്ഞ കുറെ നാളുകളായി ആക്രമണ പരമ്പരകളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നതെന്ന് ഡോ.എ.വി ബാബു പറഞ്ഞു. ഇതിനെതിരെ നടപടിയെടുക്കേണ്ട പോലിസും സർക്കാരും കാഴ്ചക്കാരായി മാറുന്നു.ആശുപത്രികൾക്കും ഡോക്ടർമാരടക്കമുള്ള ആരോഗ്യപ്രവർത്തകർക്കും നേരെ നടക്കുന്ന ആക്രമണത്തിനെതിരെ ശക്തമായ നടപടി വേണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടും ഇത് നടപ്പിലാക്കാൻ അധികൃതർ തയ്യാറാകുന്നില്ല.ആക്രമണം നടത്തുന്ന പ്രതികളെ യഥാസമയം പിടികൂടാതെ പോലിസ് ഒത്തുകളിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.നീതി കിട്ടാതായതോടെ ജീവിക്കാൻ വേണ്ടിയാണ് തങ്ങൾ തെരുവിൽ ഇറങ്ങാൻ നിർബന്ധിതരായതെന്ന് ഡോ.ഏബ്രഹാം വർഗ്ഗീസ് പറഞ്ഞു.ഇനിയും ആക്രമണത്തിനു വിധേയരാകാൻ ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും തയ്യാറല്ല.ആശുപത്രികൾ സുരക്ഷിത മേഖലയായി പ്രഖ്യാപിക്കുന്ന നിയമം അടിയന്തരമായി നടപ്പിലാക്കണം.നിയമങ്ങൾ കാറ്റിൽപ്പറത്തി യാതൊരു മടിയും കൂടാതെ ഡോക്ടർമാരെയും ആരോഗ്യപ്രവർത്തകരെയും ആക്രമിക്കുകയെന്നത് അംഗീകരിക്കാൻ കഴിയില്ലെന്നും ഡോ.ഏബ്രഹാം വർഗ്ഗീസ് പറഞ്ഞു.ഐ.എം.എ എത്തിക്സ് കമ്മിറ്റി സംസ്ഥാന ചെയർമാൻ ഡോ.എം.എൻ മേനോൻ,സംസ്ഥാന ട്രഷർ ഡോ.ഷിമി പൗലോസ്,കെജിഎംസിടിഎ പ്രസിഡന്റ് ഡോ.ഫൈസൽ അലി,സെക്രട്ടറി ഡോ.ഹരിപ്രസാദ്,ഇന്ത്യൻ ഡെന്റൽ അസ്സോസിയേഷൻ സംസ്ഥാന പ്രസിഡന്റ് (ഇലക്റ്റ്)ഡോ.ടെറി തോമസ് എടത്തൊട്ടി, മുൻ പ്രസിഡന്റ് ഡോ.സിജു.എ പൗലോസ്,കൗൺസിൽ ഫോർ ഡെന്റൽ ഹെൽത്ത് ചെയർമാൻ ഡോ.സെബി വർഗ്ഗീസ്,കെ.ജി.എം.ഒ.എ സംസ്ഥാന സെക്രട്ടറി ഡോ.പി.കെ സുനിൽ,ജില്ലാ പ്രസിഡന്റ് ഡോ.എബി വിൻസെന്റ്,ജില്ലാ സെക്രട്ടറി മിനു കൃഷ്ണൻ,കെ.ജി.ഐ.എം.ഒ. മുൻ സംസ്ഥാന പ്രസിഡന്റുമാരായ ഡോ.ജോയി ജോസഫ്,ഡോ.ജുനൈദ് റഹ്മാൻ,ഐ.എം.എ സയന്റിഫിക്ക് അഡ്വൈസർ ഡോ.രാജീവ് ജയദേവൻ,കൊച്ചിൻ ഐ.എം.എ പ്രസിഡന്റ് ഡോ.എസ് ശ്രീനിവാസ കമ്മത്ത്, സെക്രട്ടറി ഡോ.ജോർജ്ജ് തുകലൻ,ട്രഷറർ ഡോ.കാർത്തിക് ബാലചന്ദ്രൻ, വൈസ് പ്രസിഡന്റ് ഡോ.അനിതാ തിലകൻ,ഐ.എം.എ ജില്ലാ ചെയർമാൻ ഡോ.സാബു പോൾ,ജില്ലാ കൺവീനർ ഡോ.എം.എം ഹനീഷ്,,കൊച്ചിൻ ഐ.എം.എ മുൻ പ്രസിഡന്റുമാരായ ഡോ.ടി.വി രവി, ഡോ.എം വേണുഗോപാൽ, ഡോ.മരിയ വർഗ്ഗീസ്,ഡോ.വിഡി പ്രദീപ് കുമാർ.ഡോ.ടി.ആർ ജോൺ,ഡബ്ല്യു.ഡി.ഡബ്ല്യു സംസ്ഥാന സെക്രട്ടറി ഡോ.ദീപാ അഗസ്റ്റിൻ,ഫോക്സിയുടെ പ്രതിനിധി ഡോ.സ്മിതി ജോർജ്ജ് തുടങ്ങിയവർ സംസാരിച്ചു.ഐ.എം.എ എറണാകുളം ജില്ലാ കമ്മിറ്റിയുടെ കീഴിലുള്ള 10 ബ്രാഞ്ചകുൾ,ഇൻഡ്യൻ ഡെന്റൽ അസോസിയേഷൻ എറണാകുളം ജില്ലയിലെ ആറു ബ്രാഞ്ചുകൾ എന്നിവടങ്ങളിൽ നിന്നുള്ള ഭാരവാഹികൾ അടക്കമുള്ള മുഴുവൻ ഡോക്ടർമാരും സമരത്തിൽ അണിനിരന്നു.




ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ സംസ്ഥാന ഘടകം സംസ്ഥാന വ്യാപകമായി പ്രഖ്യാപിച്ച മെഡിക്കൽ സമരത്തിന്റെ ഭാഗമായി ഐ.എം.എ എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ സംഘടനയിലെ ഡോക്ടർമാർ ഒ.പി ബഹിഷ്കരിച്ച് കാക്കനാട് കളക്ടറേറ്റിനു മുന്നിൽ നടത്തിയ പ്രതിഷേധ പ്രകടനം

# വനിത അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് ആലപ്പുഴയിൽ തുടക്കമായി

**ആലപ്പുഴ:** നാലാമത് വനിതാ അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് ആലപ്പുഴയിൽ തുടക്കമായി.ആലപ്പുഴ കൈരളി തിയേറ്ററിൽ നടന്ന ചടങ്ങിൽ അമ്പലപ്പുഴ എം.എൽ.എ എച്ച് സലാം മേള ഉദ്ഘാടനം ചെയ്തു.ആശയ സംവേദനത്തിനുള്ള ഏറ്റവും പ്രധാന മാധ്യമമാണ് ചലച്ചിത്രമെന്ന് എച്ച്. സലാം എം.എൽ.എ. പറഞ്ഞു.മനുഷ്യൻ നേടുന്ന അറിവും വിജ്ഞാനവും വ്യത്യസ്തമായ നിലയിൽ ആശയവിനിമയം ചെയ്യുക എന്ന കാര്യം വളരെ പ്രധാനപ്പെട്ടതാണ്. നേടുന്ന അറിവുകളും വികാരങ്ങളും കൈമാറ്റം ചെയ്യപ്പെടുന്നതിലൂടെയാണ് മനുഷ്യ വികാസം ശക്തമാക്കുന്നത്. ഒന്നോ ഒന്നിലധികമോ പേരുടെ ചിന്തയിൽ ഉടലെടുക്കുന്ന ആശയം സ്വതന്ത്ര സ്വഭാവത്തോടുകൂടി ആവിഷ്കരിക്കാൻ കഴിയാത്ത കാലമാണിത്. ആവിഷ്കരിച്ചാലും അത് പ്രദർശിപ്പിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നു. അത്തരം കാലത്താണ് 25 വനിതാ സംവിധായകരുടെ സിനിമകൾ മേളയിലൂടെ പ്രദർശിപ്പിക്കപ്പെടുന്നതെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേശ്വരി അധ്യക്ഷയായി. ഫെസ്റ്റിവൽ ബുക്ക് പി.പി. ചിത്തരഞ്ജൻ എം.എൽ.എ. പ്രകാശനം ചെയ്തു. ഡെയിലി ബുള്ളറ്റിൻ ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേശ്വരി ചലച്ചിത്ര അക്കാദമി ജനറൽ കൗൺസിൽ അംഗം കുക്കു പരമേശ്വന് നൽകി പ്രകാശനം ചെയ്തു. ആദ്യ വനിത വോളണ്ടിയർ പാസിന്റെ വിതരണം നഗരസഭാ ചെയർപേഴ്സൺ സൗമ്യ രാജ് നിർവഹിച്ചു. വിപ്ലവ ഗായിക പി.കെ. മേദിനിയെ ജില്ലാ കളക്ടർ വി.ആർ. കൃഷ്ണ തേജ ആദരിച്ചു. ജൂലാ ശാരംഗപാണി എഴുതിയ ശാരംഗം പാണിനീയം എന്ന പുസ്തകം പി. കെ മേദിനിക്ക് നൽകി പി.പി. ചിത്തരഞ്ജൻ എം.എൽ.എ. പ്രകാശനം ചെയ്തു. ദലീമ ജോജോ എം.എൽ.എ., ചലച്ചിത്ര അക്കാദമി വൈസ് ചെയർമാൻ പ്രേംകുമാർ, മേളയിൽ പ്രദർശിപ്പിക്കുന്ന ചലച്ചിത്രങ്ങളുടെ സംവിധായകരായ ഇന്ദു വി.എസ്., ഗീതിക നാരംങ് അബ്ബാസ്, ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ്, ജൂല ശാരംഗപാണി തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്ന് ഉദ്ഘാടന ചിത്രമായ ബ്ലൂ കാഫ്താൻ പ്രദർശിപ്പിച്ചു.




## കൃഷി ദർശൻ : സ്വാഗത സംഘം രൂപീകരിച്ചു

**ആലപ്പുഴ:** കൃഷി മന്ത്രി പി. പ്രസാദ് നയിക്കുന്ന പ്രാദേശിക കാർഷിക വികസന യജ്ഞമായ കൃഷിദർശന്റെ സ്വാഗത സംഘം രൂപികരണ യോഗം ഹരിപ്പാട് രമേശ് ചെന്നിത്തല എം.എൽ.എ. ഉദ്ഘാടനം ചെയ്തു. കൃഷിദർശൻ പരിപാടി ഒരു കാർഷിക ജനകീയ ഉത്സവമാക്കി മാറ്റണമെന്ന് എം.എൽ.എ. പറഞ്ഞു. കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യകർഷകർ തുടങ്ങിയവരെ കോർത്തിണക്കി കർഷകരുടെ പ്രശ്നങ്ങൾക്കു പരിഹാരം നിർദ്ദേശിക്കാനും കാർഷിക മുന്നേറ്റത്തിനു ഉതകുന്ന തരത്തിൽ ഈ പരിപാടി പ്രയോജനപ്പെടുത്തണമെന്നും എം.എൽ.എ. പറഞ്ഞു. കാർത്തികപള്ളി എൻ.എസ്.എസ് ഹാളിൽ ചേർന്ന യോഗത്തിൽ തോമസ് കെ. തോമസ് എം.എൽ.എ. അധ്യക്ഷത വഹിച്ചു. പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെ കർഷകൻറെ വരുമാനം വർധിപ്പിക്കുക, കാർഷിക മേഖലയിലെ മൂല്യവർദ്ധനവ്, ഉത്പ്പന്ന വൈവിധ്യവത്ക്കരണം, നൂതന സങ്കേതിക വിദ്യയിലൂന്നിയ കൃഷി രീതികൾ, സുരക്ഷിത ഭക്ഷ്യോൽപ്പാദനം തുടങ്ങിയവയാണ് കൃഷി ദർശൻ പരിപാടിയുടെ ലക്ഷ്യം

# ക്വസ്റ്റ് ഗ്ലോബൽ ; ഇൻജിനീയം പതിനൊന്നാം പതിപ്പിന് കൊച്ചിയിൽ സമാപനം

**കൊച്ചി:** ആഗോള തലത്തിൽ അതിവേഗം വളർന്നുക്കൊണ്ടിരിക്കുന്ന എൻജിനീയറിങ് സേവന കമ്പനിയായ ക്വസ്റ്റ് ഗ്ലോബൽ സംഘടിപ്പിച്ച ഇൻജിനീയം പതിനൊന്നാം പതിപ്പിന് കൊച്ചിയിൽ സമാപനം. എഞ്ചിനീയറിംഗ് വിദ്യാർഥികൾക്ക് അവരുടെ അതുല്യമായ സാങ്കേതിക സൊല്യൂഷൻസ് അവതരിപ്പിക്കാൻ അവസരം നൽകുന്ന മത്സര വേദിയാണ് ഇൻജിനീയം. ഇന്ത്യയിലെ മുൻനിര എഞ്ചിനീയറിംഗ് കോളജുകളിൽ നിന്നുള്ള യുവനിരയാണ് മത്സരത്തിന്റെ ഭാഗമായത്. 1800ലധികം എൻട്രികളാണ് രാജ്യത്തെമ്പാടുനിന്നും ഇൻജിനീയം പതിനൊന്നാം പതിപ്പിലുണ്ടായിരുന്നത്. ഇത് ഭാവി പ്രതീക്ഷകളായ എഞ്ചിനീയർമാർക്കുള്ള ഈ നൂതന പ്ലാറ്റ്ഫോമിന്റെ വ്യാപകമായ സ്വീകര്യത വ്യക്തമാക്കുന്നതാണ്. മഹാരാഷ്ട്രയിലെ ഹഡപ്സറിൽ നിന്നുള്ള ജയവന്താരോ സാവന്ത് കോളജ് ഓഫ് എഞ്ചിനീയറിങ്ങാണ് ഇത്തവണത്തെ വിജയികളായി തിരഞ്ഞെടുക്കപ്പെട്ടത്. വിവിധ ഉപയോഗങ്ങൾക്കുള്ള വൈദ്യുത വാഹനത്തിലാണ് ശ്രദ്ധയൂന്നികൊണ്ടുള്ള ആശയമായിരുന്നു സുരാന സന്യം നിലേഷ്, അങ്കിത് സാഹൽ, അഭിനന്ദൻ ജെയിൻ, ആദിത്യ മലപൂർ എന്നിവരടങ്ങുന്ന വിദ്യാർത്ഥി സംഘം അവതരിപ്പിച്ചത്. വിജയികളായ ടീം യൂറോപ്പിലെ ആൽസ്റ്റോം ഫെസിലിറ്റി സന്ദർശിക്കുകയും കമ്പനി വികസിപ്പിച്ച ആദ്യത്തെ അത്യാധുനിക സാങ്കേതികവിദ്യയും നൂതനമായ സൊല്യൂഷൻസും നേരിൽ കാണാം.സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി ജെയിൻ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള സംഘം രണ്ടാം സ്ഥാനം നേടി. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് മുൻഗണന നൽകികൊണ്ട് സസ്യങ്ങളിലെ രോഗങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള ഒരു സവിശേഷ പ്ലാറ്റ്ഫോം നിർദേശിക്കുന്നതായിരുന്നു ഇവരുടെ പ്രൊജക്ട്. ദീക്ഷ ചക്രവർത്തി, ആകാശ് രാജാരാമൻ, യഷസ് എസ്, നിഷ്ഠ ജെയിൻ എന്നിവരടങ്ങുന്നതായിരുന്നു ടീം. കാർബൺ പുറന്തള്ളുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച ചണ്ഡീഗഡ് സർവകലാശാലയിലെ ടീം മൂന്നാം സ്ഥാനവും നേടി. ഭാവി തലമുറയ്ക്കായി വായുവിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയുള്ളതായിരുന്നു പ്രൊജക്ട്. അഭിലാഷ് ഗൗരവ്, അഭിഗ്യാൻ പാൽ എന്നിവരടങ്ങുന്നതായിരുന്നു ടീം.യഥാർത്ഥ ലോകത്തിനായുള്ള എഞ്ചിനീയറിംഗ് സൊല്യൂഷനുകളിലാണ് ക്വസ്റ്റ് ഗ്ലോബൽ ശ്രദ്ധിക്കുന്നതെന്ന് ക്വസ്റ്റ് ഗ്ലോബൽ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ലക്ഷ്മിനാരായണൻ രാമലിംഗം പറഞ്ഞു. എഞ്ചിനീയറിംഗിലെ നൂതനത്വം മുൻനിരയിലേക്ക് കൊണ്ടുവരുന്ന ഒരു പ്ലാറ്റ്ഫോമാണ് ക്വസ്റ്റ് ഗ്ലോബൽ ഇൻജിനീയം. ഇതുവഴി വിപ്ലവകരമായ ആശയങ്ങൾ പ്രാവർത്തികമാക്കാനും പരിഹാരം കണ്ടെത്താനും സാധിക്കുമെന്നും ലക്ഷ്മിനാരായണൻ രാമലിംഗം പറഞ്ഞു.

# കേരളത്തിൽ ഒമെൻ 17 അവതരിപ്പിച്ച് എച്ച്പി




**കൊച്ചി:** പുതിയ തലമുറ എൻവിഡിയ ജിഫോഴ്സ് ഞഠത4080 മൊബൈൽ ജിപിയുവിൽ പ്രവർത്തിക്കുന്ന പ്രീമിയം ഗെയിമിംഗ് ലാപടോപ്പായ ഒമെൻ 17 കേരളത്തിൽ അവതരിപ്പിച്ച് എച്ച്പി. അതിനൂതന ഫീച്ചറുകൾക്കൊപ്പം അതിശയകരമായ വേഗതയും ടെമ്പസ്റ്റ് കൂളിംഗ് സാങ്കേതികവിദ്യയുമായി എത്തുന്ന ഒമെൻ 17, 17.3 ഇഞ്ച് ഡിസ്പ്ലേയോട് കൂടിയ ഇന്ത്യയിലെ ആദ്യത്തെ മോഡലാണെന്ന് കമ്പനി അവകാശപ്പെട്ടു.മികച്ച പ്രകടനം ഉറപ്പ് തരുന്ന 13ാം തലമുറ കിലേഹ ഇീൃല ശ9 പ്രൊസസറാണ് ലാപ്ടോപ്പിന്റെ എടുത്തുപറയേണ്ട മറ്റൊരു സവിശേഷത.17.3 ഇഞ്ച് ഡയഗണൽ ക്വാഡ് എച്ച്ഡി റെസല്യൂഷൻ ഡിസ്പ്ലേയുമായി എത്തുന്ന ലാപ്ടോപ്പിന്റേത് 240 ഒ്വ റിഫ്രഷ് റേറ്റും റെസ്പോൻസ് ടൈം മൂന്ന് മൈക്രോ സെക്കൻഡുമാണ്. മനോഹരവും അതിശയകരവുമായ ഡിസ്പ്ലേ 100 % എസ്ആർജിബിയും 300 നിറ്റ്സ് ബ്രൈറ്റ്നസ്സും നൽകുന്നു. എൻവിഡിയ ജിഫോഴ്സ് ആർടിഎക്സ് 4080 12 ജിബി ഏഉഉഞ6 ഗ്രാഫിക്സ് കാർഡിനൊപ്പം സംയോജിത 32 ഏആ ഉഉഞ55600 ങഒ്വ റാമുമായാണ് ഒമെൻ 17 എത്തുന്നത്. ഇതോടൊപ്പം 10ആ ചഢങല നാലാം തലമുറ ടടഉയും ഇതോടൊപ്പമുണ്ട്. ഒപ്റ്റിമൽ കണക്റ്റിംഗ് സൗകര്യങ്ങൾ ഉറപ്പാക്കാൻ ഒമ്പത് പോർട്ടുകളാണുള്ളത്. യുഎസ്ബി ടൈപ്പ്സി ഉള്ള ഒന്ന് വീതം തണ്ടർബോൾട്ട്, യുഎസ്ബി ടൈപ്പ്എ 5 ജിബിപിഎസ് സിഗ്നലിംഗ് റേറ്റ്, രണ്ട് യുഎസ്ബി ടൈപ്പ് എ 5 ജിബിപിഎസ് സിഗ്നലിംഗ് റേറ്റ്, ഒരു എച്ച്ഡിഎംഐ 2.1, ഒരു മിനിഡിസ്പ്ലേ പോർട്ട്, ഒരു ആർജെ45 എന്നിവയും ഒരോ എസി സ്മാർട്ട് പിൻ, ഹെഡ്ഫോൺ/മൈക്രോഫോൺ കോംബോ എന്നിവയും ഇതിൽ ഉൾപ്പെടുന്നു. ഒമെൻ 17ൽ 4സോൺ ഞഏആ ബാക്ക്ലിറ്റ് കീബോർഡും ഉണ്ട്. എച്ച്പി ഒമെൻ 17ന് 2,69,990 രൂപയാണ് പ്രാരംഭ വില.

# ആസ്റ്റർ ഡി.എം ഹെൽത്ത് കെയർ ഇന്ത്യ സി.ഇ.ഒ ആയി ഡോ.നിതീഷ് ഷെട്ടി

**കൊച്ചി :** ആസ്റ്റർ ഡി. എം ഹെൽത്ത് കെയറിന്റെ ഇന്ത്യ ഓപ്പറേഷൻസ് സി.ഇ.ഒ ആയി ആസ്റ്റർ കർണാടക മഹാരാഷ്ട്ര ക്ലസ്റ്റർ മുൻ റീജ്യണൽ ഡയക്ടർ ഡോ. നിതീഷ് ഷെട്ടി ചുമതലയേൽക്കും. രണ്ട് പതിറ്റാണ്ടിലധികമായി ആരോഗ്യ സേവനരംഗത്ത് നേതൃപരിചയമുള്ള വ്യക്തിയാണ് ഡോ.നിതീഷ് ഷെട്ടി.2014ൽ ബെംഗളൂരു ആസ്റ്റർ സി.എം.ഐ ഹോസ്പിറ്റലിന്റെ സി. ഇ. ഒ ആയാണ് ഡോ നിതീഷ് ഷെട്ടി ആസ്റ്റർ ഡി. എം ഹെൽത്ത് കെയറിന്റെ ഭാഗമാവുന്നത്. പിന്നീട് മഹാരാഷ്ട്രയിലെയും കർണാടകയിലെയും ആസ്റ്റർ ഹോസ്പ്പിറ്റലുകളുടെ റീജിയണൽ ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ചു. ഇതോടോപ്പം ആസ്റ്റർ ലാബ്സ് ഇന്ത്യയുടെ ഡയറക്ടർ പദവിയും അദ്ദേഹം വഹിച്ചു.ആസ്റ്റർ ഡി. എം ഹെൽത്ത് കെയർ ഇന്ത്യ ഓപ്പറേഷൻസിന്റെ സി.ഇ.ഒ ആയി നിതീഷ് ഷെട്ടിയെ സ്വാഗതം ചെയ്യുന്നുവെന്ന് ആസ്റ്റർ ഡി എം ഹെൽത്ത് കെയർ സ്ഥാപകനും ചെയർമാനും, മാനേജിങ്



ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.കർണാടക സംസ്ഥാനത്തിൽ ആസ്റ്ററിന്റെ വളർച്ചയ്ക്ക് സുപ്രധാന പങ്ക് വഹിച്ച ആളായിരുന്നു ഡോ.നിതീഷ്. അദ്ദേഹത്തിന്റെ നിയമനത്തോടെ ആസ്റ്ററിനെ അദ്ദേഹം ഇനിയും ഉയരത്തിൽ എത്തിക്കുമെന്നും ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. ഇതോടൊപ്പം ആസ്റ്റർ ഹോസ്പ്പിറ്റൽസ് കേരളാ തമിഴ്നാട് റീജിയണൽ ഡയറക്ടർ ഫർഹാൻ യാസിനെ ആസ്റ്റർ ഡി. എം ഹെൽത്ത് കെയർ ഇന്ത്യ വൈസ് പ്രസിഡന്റായി സ്ഥാനക്കയറ്റം നൽകുന്നതിലും സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഡോ ആസാദ് മൂപ്പന്റെ നേതൃത്വത്തിൽ അവിസ്മരണീയമായ വളർച്ചയാണ് ആസ്റ്റർ ഡി എം ഹെൽത്ത് കെയർ കാഴ്ചവയ്ക്കുന്നതെന്ന് നിയുക്ത ആസ്റ്റർ ഡി. എം ഹെൽത്ത് കെയർ ഇന്ത്യ ഓപ്പറേഷൻസ് സി.ഇ.ഒ ഡോ. നിതീഷ് ഷെട്ടി പറഞ്ഞു.അഞ്ച് സംസ്ഥാനങ്ങളിലുടനീളം അത്യാധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെ മികച്ച പരിചരണമാണ് ആസ്റ്റർ ഹോസ്പ്പിറ്റലുകൾ പ്രദാനം ചെയുന്നത്. ആസ്റ്റർ ലാബ്സ്, ഫർമാസികൾ, ക്ലിനിക്സ്, ഹോം കെയർ, ഡിജിറ്റൽ ഹെൽത്ത് മുഖേന എല്ലാ തരം ആരോഗ്യസേവനങ്ങളും വിവിധ മേഖലകളിൽ ആസ്റ്റർ ഉറപ്പാക്കുന്നു. ഇന്ത്യയിലെ ആസ്റ്ററിന്റെ വളർച്ചയുടെ ഭാഗമാവാൻ സാധിക്കുന്ന ഈ സുപ്രധാനമായ ചുമതല ഏറ്റെടുക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും ഡോ. നിതീഷ് ഷെട്ടി പറഞ്ഞു.

# ഐടെൽ പി40 വിപണിയിൽ അവതരിപ്പിച്ചു

**കൊച്ചി:** ഐടെൽ പവർ സീരീസിലെ ആദ്യ സ്മാർട്ട്ഫോണായ ഐടെൽ പി40 വിപണിയിൽ അവതരിപ്പിച്ചു. 6000 എംഎഎച്ച് മെഗാ ബാറ്ററി, മനോഹരമായ 6.6 ഇഞ്ച് എച്ച്ഡി പ്ലസ് ഐപിഎസ് വാട്ടർഡ്രോപ്പ് ഡിസ്പ്ലേ, സ്റ്റൈലിഷ് ബോഡി എന്നീ ഫീച്ചറുകളുമായി ഈ വിഭാഗത്തിൽ വിപണിയിലിറങ്ങുന്ന ആദ്യ സ്മാർട്ട് ഫോൺ എന്ന പ്രത്യേകതയും ഐടെൽ പി40യ്ക്കുണ്ടെന്ന് പി40 എന്ന് ഐടെൽ ഇന്ത്യ സിഇഒ അരിജീത് തലപത്ര പറഞ്ഞു.എസ്സി9863എ ചിപ്സെറ്റ് അധിഷ്ഠിതമായ ആൻഡ്രോയിഡ് 12 ഗോ എഡിഷനിൽ പ്രവർത്തിക്കുന്ന പി40 സ്മാർട്ട്ഫോണിൽ സുരക്ഷക്കായി ഫിംഗർപ്രിൻറ്, ഫേസ് ഐഡി സെൻസർ ഫീച്ച



റുകളുമുണ്ട്. 18വാട്ട് ഫാസ്റ്റ് ചാർജിങ്ങാണ് ഇതിനുള്ളത്. 64ജിബി/2ജിബി, 64ജിബി/4ജിബി വകഭേദങ്ങിൽ എത്തുന്ന ഫോൺ മെമ്മറി ഫ്യൂഷൻ ടെക്നോളജിയിലൂടെ 7ജിബി വരെ റാം വർധിപ്പിക്കാം. 13എംപി പ്ലസ് ക്യൂവിജിഎ ഡ്യുവൽ ക്യാമറയാണ് പിന്നിൽ. മുൻകാമറ 5 മെഗാ പിക്സലാണ്.12 മാസത്തെ വാറൻറിയും, സർവീസ് ചാർജ് ഇല്ലാതെ ഒറ്റത്തവണ സ്ക്രീൻ മാറ്റാനുള്ള ഗ്യാരണ്ടിയും ഈ പുതിയ സീരീസ് ഉറപ്പു നൽകുന്നു. ഫോഴ്സ് ബ്ലാക്ക്, ഡ്രീമി ബ്ലൂ, ലക്ഷ്വറിയസ് ഗോൾഡ് എന്നിങ്ങനെ മൂന്ന് നിറഭേദങ്ങളിൽ എത്തുന്ന ഫോണിന് 7699 രൂപയാണ് വില.മികച്ച 6000എംഎഎച്ച് ബാറ്ററി, അത്യാധുനിക സാങ്കേതികവിദ്യയുടെ മികച്ച സംയോജനം, സ്മാർട്ട്ഫോൺ ഉപയോക്താക്കൾക്ക് മികച്ച അനുഭവം നൽകുന്നതിനുള്ള രൂപകൽപന എന്നിവയുമായി ഈ വിഭാഗത്തിലെ ആദ്യത്തെ സ്മാർട്ട് ഫോണാണ് പി40 എന്ന് ഐടെൽ ഇന്ത്യ സിഇഒ അരിജീത് തലപത്ര പറഞ്ഞു.

# പുതിയ സ്പ്രിംഗ് കളക്ഷനുമായി എച്ച് ആൻഡ് എം

**കൊച്ചി:** മികച്ച ഫാബ്രിക്കുകളിൽ സ്വീകാര്യമായ വില നിലവാരത്തിൽ എച്ച് ആൻഡ് എം പ്രീസ്പ്രിംഗ്, സ്പ്രിംഗ് കളക്ഷനുകൾ അവതരിപ്പിച്ചു. പ്രീ സ്പ്രിംഗ് കളക്ഷനുകൾ ഓൺലൈനിലും സ്റ്റോറുകളിലും ലഭ്യമാണ്. ഈ മാസം 30ന് സ്പ്രിംഗ് കളക്ഷനുകൾ പുറത്തിറക്കും.തിളക്കമുള്ള മോഡേൺ ക്രാഫ്റ്റഡ് സ്യൂട്ടിംഗുകൾ, ബ്ലാക്ക് വെയ്റ്റ്കോട്ട്, കാർഗോ ട്രൗസർ, ഡെക്കാഡെന്റ്ലി ഡീറ്റയിൽഡ് ബലൂൺ സ്ലീവ് ടൈ വെയ്റ്റ് ടോപ്പ് എന്നി എസൻഷ്യലുകളും. ശ്രദ്ധേയമായ പച്ച ഡബിൾസ്ട്രൈപ്പ് ഷർട്ടും ട്രൗസറും, കാൻഡി പിങ്ക് ഹൊറിസോണ്ടൽ സ്ട്രൈപ്പ് സ്പാഗെട്ടി ഡ്രസ് എന്നിവ സ്പ്രിംഗ് വാർഡ്രോബിനും അനുയോജ്യമാണ്. ലാർജർ ദാൻ ലൈഫ് എംബ്രോയ്ഡറി, ഹൈ



പ്പർവൈബ്രന്റ് പ്രിന്റുകൾ, ട്രാക്ടൈൽ ക്രോഷെ, വ്യത്യസ്ഥതയാർന്ന റിച്ച് പർപ്പിൾ മിനി ഡ്രസ്, എക്സോട്ടിക് പ്ലാന്റ് പ്രിന്റ് ബേബിഡോൾ ഡ്രസ്, വൈറ്റ് റാപ് ജാക്കറ്റ്, വാം ഓക്രെക്നിറ്റ് ഡ്രസ് എന്നിവ ഇടപ്പള്ളി പാടിവട്ടത്തുള്ള എച്ച് ആൻഡ് എം സ്റ്റോറിൽ ലഭ്യമാണ്.

# ഇന്ത്യയുടെ ലക്ഷ്യം ഇലക്ട്രോണിക്സ് നിർമ്മാണ ശേഷി 24 ലക്ഷം കോടി രൂപയായി ഉയർത്തൽ: കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ




**ബംഗളൂരു:** 202526 ആകുമ്പോൾ രാജ്യത്തെ ഇലക്ട്രോണിക്സ് ഉൽപ്പാദന ശേഷി 24 ലക്ഷം കോടി രൂപയായി വർധിപ്പിക്കുകയാണ് നരേന്ദ്ര മോദി സർക്കാരിന്റെ ലക്ഷ്യമെന്ന് കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ, ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സഹമന്ത്രി രാജീവ് ചന്ദ്രശേഖർ പറഞ്ഞു. പത്ത് ലക്ഷം തൊഴിലവസരങ്ങൾ ഇതിലൂടെ രാജ്യത്ത് സൃഷ്ടിക്കപ്പെടും.ന്യൂ ഇന്ത്യ ഫോർ യംഗ് ഇന്ത്യ പദ്ധതിയുടെ ഭാഗമായി ബംഗളൂരുവിലെ ഗവൺമെന്റ് ശ്രീകൃഷ്ണ രാജേന്ദ്ര സിൽവർ ജൂബിലി ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ (എസ്കെഎസ്ജെടിഐ) വിദ്യാർത്ഥികളുമായി ജ്ഞാനജ്യോതി ഓഡിറ്റോറിയത്തിൽ നടന്ന ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആധുനിക ഇന്ത്യയിലെ അവസരങ്ങളെക്കുറിച്ച് വിദ്യാർഥികളുമായി സംവദിക്കുന്ന ദിനം സാന്ദർഭികമായി പ്രമുഖ കന്നഡ നടൻ പുനീത് രാജ്കുമാറിന്റെ (അപ്പു) ജന്മദിനം കൂടി ആയതിനെ അനുസ്മരിച്ചുകൊണ്ട് ഈ ദിവസം 'സ്പൂർതി ദിന' (പ്രചോദന ദിനം ) മായി ആചരിക്കപ്പെടുന്നത് ഏറെ അനുയോജ്യമാണെന്ന് അദ്ദേഹം പറഞ്ഞു.2014 ന് മുമ്പും നരേന്ദ്ര മോദി ജി പ്രധാനമന്ത്രിയായി അധികാരമേറ്റ 2014 ന് ശേഷവും ശേഷവും എന്ന രീതിയിൽ ഇന്ത്യയെ താരതമ്യം ചെയ്തുകൊണ്ട് 'രാജ്യം ഇന്ന് ഒരു മാറ്റത്തിന്റെ ഘട്ടത്തിലാണ്. അതിന്റെ ചരിത്രത്തിലെ ഏറ്റവും ആവേശകരമായ കാലഘട്ടവും ഇതാണ്.ഇന്നത്തെ വിദ്യാർഥികൾ സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ 'ഏറ്റവും ഭാഗ്യമുള്ള തലമുറയാണെന്ന് അദ്ദേഹം പറഞ്ഞു.ഇന്ന്, യുവ ഇന്ത്യക്കാരാണ് ഇന്ത്യയുടെ ടെക്കാഡിൽ (സാങ്കേതികതയിലൂന്നിയ ദശകം ) രാജ്യ പുരോഗതിയെ മുന്നോട്ടു നയിക്കുന്നത്. 110 യൂണികോണുകൾ ഉൾപ്പെടെ 90,000ലധികം സ്റ്റാർട്ടപ്പുകൾ ഇന്നുണ്ട്. അതിൽ യുവ ഇന്ത്യക്കാർ വലിയ പങ്കുവഹിക്കുന്നു. അവരുടെ കഠിനാധ്വാനവും പ്രയത്നവും കൊണ്ടാണ് അവർ വിജയം നേടിയത്, അല്ലാതെ ഏതെങ്കിലും ബന്ധങ്ങളോ പേരിന്റെ പെരുമയോ കൊണ്ടല്ലെന്നും കേന്ദ്രമന്ത്രി പറഞ്ഞു. പ്രവർത്തനരഹിതമായ ഒരു ജനാധിപത്യത്തിന്റെയും ഭരണത്തിന്റെയും പഴയ കാലം ഇന്ന് പ്രവർത്തനക്ഷമതയുള്ള ജനാധിപത്യത്തിലേക്കും ഭരണത്തിന്റെ കുറച്ചു മാത്രം ഇടപെടലുകളിലേക്കും മാറിയിരിക്കുന്നു . അതിനു നമ്മൾ പ്രധാനമന്ത്രിയോട് ഏറെ കടപ്പെട്ടിരിക്കുന്നുവെന്നും അദ്ദേഹം വിദ്യാർഥികളോട് പറഞ്ഞു. തുടർന്ന് മന്ത്രി അവരുമായി തുറന്ന ചർച്ചയിൽ പങ്കെടുത്തു. നൈപുണ്യ വികസനം , ഗവേഷണം ഇന്നൊവേഷൻ ആവാസവ്യവസ്ഥ , രാജ്യത്ത് ലഭ്യമായ സംരംഭക അവസരങ്ങൾ തുടങ്ങി മൈക്രോസോഫ്റ്റ് സഹസ്ഥാപകൻ ബിൽ ഗേറ്റ്സുമായി സമീപകാലത്ത് നടന്ന കൂടിക്കാഴ്ച വരെയുള്ള ചോദ്യങ്ങൾക്ക് അദ്ദേഹം ഉത്തരം നൽകി.ഇരട്ട എഞ്ചിൻ സർക്കാർ എന്ന ആശയത്തെക്കുറിച്ചുള്ള ചോദ്യത്തിന് മറുപടിയായി, കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഒരേ ലക്ഷ്യത്തോടെ യോജിച്ച് പ്രവർത്തിച്ചാൽ, സാമ്പത്തിക വികസനത്തിന്റെ വേഗത വർദ്ധിക്കുമെന്ന് മന്ത്രി പറഞ്ഞു. ഒരു ട്രെയിനിലെന്നപോലെ, കൂടുതൽ വേഗതയും കുതിപ്പും കൈവരിക്കാൻ നിങ്ങൾ കൂടുതൽ കുതിരശക്തി ഉപയോഗിക്കുകയാണെങ്കിൽ, സംസ്ഥാനങ്ങളും കേന്ദ്രവും പങ്കിടുന്ന ഒരു പൊതു ലക്ഷ്യമുണ്ടെങ്കിൽ, കൂടുതൽ സാമ്പത്തിക അവസരങ്ങളും വികസനവും ഉറപ്പാണെന്ന് അദ്ദേഹം പറഞ്ഞു.സിലിക്കൺ വാലി ബാങ്ക് പ്രതിസന്ധിയെത്തുടർന്ന് സ്റ്റാർട്ടപ്പുകളുടെ ദുരിതങ്ങൾ ലഘൂകരിക്കുന്നതിൽ ഇന്ത്യൻ ഗവൺമെന്റിന്റെ പങ്കിനെ കുറിച്ചുള്ള ചോദ്യത്തിന് മറ്റേതൊരു രാജ്യത്തെ ബാങ്കിംഗ് സംവിധാനവുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടേത് കൂടുതൽ പ്രതിരോധശേഷിയുള്ളതും ശക്തവുമാണ്. അതിനാൽ സ്റ്റാർട്ടപ്പുകൾ തങ്ങളുടെ ബാങ്കിംഗ് പങ്കാളികളായി ഇന്ത്യൻ ബാങ്കുകളെ തിരഞ്ഞെടുക്കണമെന്നായിരുന്നു മറുപടി.ഡിജിറ്റൽ, സംരംഭക മേഖലകളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ നടന്നു വരുന്ന മാറ്റങ്ങൾ സംബന്ധിച്ച് ഉൾപ്പെടുന്ന സ്കൂൾ, കോളജ് വിദ്യാർത്ഥികളുമായി സംവദിക്കുന്നതിനായി രാജീവ് ചന്ദ്രശേഖർ ആരംഭിച്ച ആശയവിനിമയ പരമ്പരയാണ് 'ന്യൂ ഇന്ത്യ ഫോർ യംഗ് ഇന്ത'. കഴിഞ്ഞ 18 മാസത്തിനുള്ളിൽ ഇതിനായി അദ്ദേഹം ഇന്ത്യ മുഴുവൻ സന്ദർശിക്കുകയും യുവ ഇന്ത്യക്കാരുമായി സംവദിക്കുകയും ചെയ്തു. മന്ത്രിയുടെ 44ാമത്തെ സന്ദർശനമാണ് ഇന്നലെ നടന്നത്.

# വേമ്പനാട്ട് കായൽ റിപ്പോർട്ട് കുഫോസ് ഇന്ന് സർക്കാരിന് സമർപ്പിക്കും

**കൊച്ചി:** വേമ്പനാട്ട് കായൽ നശീകരണത്തെ കുറിച്ചും കായലിന്റെ ജൈവപരമായ ഉൽപ്പാദനക്ഷമത വീണ്ടെടുക്കാൻ സ്വീകരിക്കേണ്ട നടപടികളെ കുറിച്ചും കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല (കുഫോസ്) തയ്യാറാക്കിയ റിപ്പോർട്ട് ഇന്ന്സർക്കാറിന് സമർപ്പിക്കും. രാവിലെ 10 മണിക്ക് തണ്ണീർമുക്കം കെ.ടി.ഡി.സി റിസോർട്ടിൽ നടക്കുന്ന ചടങ്ങിൽ കുഫോസ് വൈസ് ചാൻസലർ ഡോ.റോസലിൻറ് ജോർജ് മന്ത്രി വി.എൻ.വാസവന് റിപ്പോർട്ട് കൈമാറും. എം.പി.മാരായ എ.എം.ആരിഫ്, ഹൈബി ഈഡൻ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.സംസ്ഥാന സർക്കാരിന്റെ നിർദ്ദേശ പ്രകാരം കുഫോസിലെ സെൻറർ ഫോർ എക്സലൻസ് ഇൻ അക്വാറ്റിക് റിസോഴ്സസ് മാനേജ്മെൻറ് ആൻറ് കൺസർവേഷൻ ആണ് അഞ്ച് വർഷം നീണ്ട പഠനം പൂർത്തിയാക്കിയത്. വേമ്പനാട്ട് കായലിന്റെ അടിതട്ടിൽ ഒരു മീറ്റർ കനത്തിൽ മുവ്വായിരത്തിലേറെ ടൺ പ്ളാസ്റ്റിക് മാലിന്യം അടിഞ്ഞ് കൂടിയിട്ടുണ്ടെന്ന റിപ്പോർട്ട് പഠനത്തിന്റെ ആദ്യഘട്ടത്തിൽ ( 2019 ഒക്ടോബറിൽ) കുഫോസ് പുറത്ത് വിട്ടിരുന്നു. ഓരോ ചതുരശ്ര കിലോമീറ്ററിലും 55.9 ടൺ പ്ളാസ്റ്റിക് മാലിന്യം വേമ്പനാട്ട് കായലിന്റെ അടിത്തട്ടിലുണ്ട് എന്നാണ് കണ്ടെത്തൽ. ഇത് ഉൾപ്പടെയുള്ള കായൽ നശീകരണത്തിന്റെയും കായൽ കയ്യേറ്റത്തിന്റെയും വിശദമായ രേഖ കുഫോസ് സമർപ്പിക്കുന്ന റിപ്പോർട്ടിലുണ്ട്. വേമ്പനാട്ട് കായലിൽ വന്ന് ചേരുന്ന മീനച്ചൽ, പമ്പ, അച്ചൻകോവിൽ നദീത്തടങ്ങളിലും കായലിന്റെ ഭാഗമായ കുട്ടനാടിലും നിലനിൽക്കുന്ന പ്രളയ സാദ്ധ്യതകളെ കുറിച്ചും തടയാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെ കുറിച്ചും റിപ്പോർട്ട് പ്രതിബാധിക്കുന്നുണ്ട്. ഇതേ കുറിച്ചെല്ലാമുള്ള വിശദമായ അവതരണം യോഗത്തിൽ കുഫോസിലെ ശാസ്ത്രജ്ഞർ നടത്തും.കുഫോസ് ഗവേഷണ വിഭാഗം മേധാവി ഡോ.ദേവിക പിള്ള, കുഫോസ് ഭരണസമിതി അംഗം ശ്രീകുമാർ ഉണ്ണിത്താൻ, കായൽ തീരത്തുള്ള പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുക്കും.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663